ദി ഡിഫെൻഡർ

Vol. No. 10 Issue No. 21 RNI Reg. No. 68089 / 97 Published From Perumbavoor 2007 November 1 Price: Rs.100/- P.A.

# ഡിഫെൻഡറിന്റെ ഒക്ടോബർ-16 ലക്കം തിരുവല്ല ആർ.എം.എസ്സിൽ കാണാതായി

തിരുവല്ല ആർ.എം.എസ്സിൽ നിന്ന് ഡിഫെൻഡറിന്റെ ഒക്ടോബർ 16 ലക്കം അപ്രത്യക്ഷമായി. അതുകൊണ്ട് പത്തനംതിട്ട ജില്ലയിലുള്ള വരിക്കാർക്ക് കഴിഞ്ഞലക്കം ഡിഫെൻഡർ ലഭിച്ചില്ല. പത്രം ലഭിച്ചില്ല എന്നു പരാതിപ്പെട്ട് നിരവധി വരിക്കാർ വിളിച്ചപ്പോഴാണ് സംഭവം ഡിഫെൻഡർ ഓഫീസിൽ അറിയുന്നത്.

എല്ലാ മാസവും ഒന്ന്, 16 തീയതികളിലാണ് ഡിഫെൻഡർ പോസ്റ്റ് ചെയ്യുന്നത്. അന്നുതന്നെ പത്രം ഇന്റർനെറ്റിൽ ലഭ്യമാകുകയും ചെയ്യും. അതുകൊണ്ട് പത്രത്തിന്റെ ഉള്ളടക്കം മുൻകൂട്ടി അറിയാൻ സാധിക്കുന്നു. കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ പത്തനംതിട്ട ജില്ലയിലുള്ള ചിലരുമായി ബന്ധപ്പെട്ട വാർത്തകളുണ്ടായിരുന്നു. അത് പൊതുജനം അറിയുന്നത് തടയാനായി അവർ നടത്തിയ പരിശ്രമത്തിന്റെ ഫലമായാണ് പത്രം നഷ്ടമായത്.

പെരുമ്പാവൂർ പോസ്റ്റ് ഓഫീസിലാണ് ഡിഫെൻഡർ പോസ്റ്റ് ചെയ്യുന്നത്. ജില്ല തിരിച്ച് കെട്ടുകളായാണ് പത്രം കൗണ്ടറിൽ ഏല്പിക്കുന്നത്. ഇവിടെനിന്ന് പത്രം അന്നുതന്നെ അയയ്ക്കുകയും ചെയ്യും. ഒക്ടോബർ 16 ലക്കവും പെരുമ്പാവൂരിൽ നിന്ന് പോകുകയും പത്തനംതിട്ട ജില്ലയൊഴികെയുള്ളിടത്ത് കൃത്യസമയത്ത് എത്തുകയും ചെയ്തു. പക്ഷേ പത്തനംതിട്ട ജില്ലയിലുള്ള ഒരു വരിക്കാരനും പത്രം കിട്ടിയില്ല. അതുകൊണ്ട് തിരുവല്ല ആർ.എം.എസ്സിലാണ് തിരിമറി നടന്നതെന്ന് വ്യക്തം.

സംഭവത്തേക്കുറിച്ച് ചീഫ് പി.എം.ജി., എസ്.പി., എന്നിവർക്ക് പരാതി നൽകിയിട്ടുണ്ട്. കൈക്കൂലി വാങ്ങി ഡിഫെൻഡർ മുക്കിയ തപാൽജീവനക്കാരെ ഡിപ്പാർട്ട്മെന്റ് കണ്ടെത്തുമെന്നും മാതൃകാപരമായി ശിക്ഷിക്കുമെന്നും പ്രതീക്ഷിക്കുന്നു.

(പത്തനംതിട്ട ജില്ലയിലുള്ളവരുമായി ബന്ധപ്പെട്ട് കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്ന പ്രധാന വാർത്തകൾ ഈ ലക്കത്തിൽ (പേജ് 6, 7) ഉൾപ്പെടുത്തിയിട്ടുണ്ട്).

# വെഷപ്പ് വിഷമസന്ധിയിൽ

ആർച്ച് ബിഷപ്പാണെന്ന് പറയപ്പെടുന്ന കെ.പി.യോഹന്നാൻ ചെറുവള്ളി എസ്റ്റേറ്റുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ വിഷമസന്ധിയിലായിരിക്കയാണ്. 3500 ഏക്കറോളം വരുന്ന ഭൂമിയിൽ ഭൂരിഭാഗവും കയ്യേറ്റഭൂമിയാണെന്നതും ബാക്കിയുള്ളതിന്റെ പാട്ടക്കരാർ മൂന്നു വർഷത്തിനകം അവസാനിക്കുമെന്നതുമാണ് പ്രശ്നം. സുവിശേഷവേലക്കെന്നു പറഞ്ഞ് വിദേശത്തുനിന്നു കൊണ്ടുവന്ന കോടിക്കണക്കിനു രൂപ ഇങ്ങനെ നഷ്ടമായേക്കാം.



ഏഷ്യൻ രാജ്യങ്ങളിലുള്ള ആയിരക്കണക്കിനു സുവിശേഷകരെ സാമ്പത്തികമായി സഹായിക്കുക എന്നത് പ്രധാന ലക്ഷ്യമായി രൂപംകൊടുത്ത ഗോസ്പൽ ഫോർ ഏഷ്യ എന്ന സംഘടന ആദ്യകാലങ്ങളിൽ നല്ലനിലയിലാണ് പ്രവർത്തിച്ചിരുന്നത്. എന്നാൽ ഒപ്പം നിൽക്കുന്നവരെ സംശയത്തോടെ മാത്രം കാണുന്ന കെ.പി യോഹന്നാൻ ആരേയും വിശ്വസിക്കാതായി. ശത്രുക്കളേയും മിത്രങ്ങളേയും തിരിച്ചറിയാനുള്ള കഴിവും നഷ്ടപ്പെട്ടു. താൻ ചെയ്യുന്നതെല്ലാം ശരിയാണെന്ന് ധരിച്ചുവശായ കെ.പി.യോഹന്നാൻ തെറ്റിൽ നിന്ന് തെറ്റിലേക്ക് യാത്ര ചെയ്തു. അങ്ങനെ ബിലീവേഴ്സ് ചർച്ച് എന്നൊരു സംഘടനയുണ്ടാക്കി അതിന്റെ വെഷപ്പായി. കുറച്ചു കഴിഞ്ഞപ്പോൾ വേറെ കുറെ വെഷപ്പന്മാരെ വാഴിച്ച് യോഹന്നാൻ ആർച്ച് ബിഷപ്പുമായി. കൈമുത്തൽ ഉൾപ്പെടെയുള്ള സകല കലാപരിപാടികളും പൊടിപൂരമായി നടക്കുന്നു.

സായിപ്പിനെ കളിപ്പിച്ചുണ്ടാക്കിയ കോടികൾ ഉപയോഗിച്ചാണ് കെ.പി. എല്ലാവിധ അഭ്യാസങ്ങളും കാണിക്കുന്നത്. എന്നാൽ തന്റെ കാലശേഷം മക്കൾക്ക് ഇങ്ങനെ പണമുണ്ടാക്കാൻ കഴിഞ്ഞില്ലെന്നുവരാം. അതുകൊണ്ട് സ്ഥിരവരുമാനത്തിനുള്ള വഴി ഇപ്പോൾത്തന്നെ കണ്ടെത്തണം. (അല്ലെങ്കിൽ ബിലീവേഴ്സ് ചർച്ച് ഏഴുനിലയിൽ പൊട്ടും). ഈ പദ്ധതിയുടെ ഭാഗമായി സ്കൂളുകളും മറ്റും സ്ഥാപിച്ചിട്ടുണ്ട്. ചെറുവള്ളി എസ്റ്റേറ്റ് വാങ്ങിയതും ഇതേഉദ്ദേശ്യത്തോടെയാണ്. ഏക്കറിന് പത്തുലക്ഷം രൂപ വച്ച് കണക്കുകൂട്ടിയാലും 3500 ഏക്കറിന് 350 കോടി രൂപ വിലകിട്ടും. സുവിശേഷത്തിന്റെ പേരുപറഞ്ഞ് കെ.പി. യോഹന്നാൻ വാരിക്കൂട്ടിയിട്ടുള്ള സമ്പത്തിന്റെ ചെറിയൊരംശം മാത്രമാണിത്.

ചെറുവള്ളി എസ്റ്റേറ്റ് നഷ്ടമായതുകൊണ്ട് കെ.പി.യോഹന്നാൻ തകരുകയില്ല. കാരണം, ആകെയുള്ള സമ്പാദ്യത്തിന്റെ ഒന്നോ രണ്ടോ ശതമാനം മാത്രമാണിത്. ജനിക്കാൻ ഒരു കൂരപോലും ലഭിക്കാതിരുന്ന നസ്രായന്റെ നാമത്തിലാണ് ഈ തട്ടിപ്പൊക്കെ നടക്കുന്നത്. പണം വാരിവിതറി നിയമപാലകരുടെ വായടയ്ക്കാനും കെ.പിക്ക് കഴിയുന്നു. ഇടതുപക്ഷ സർക്കാരിനും വലിയവനെ തൊടാൻ ഭയമാണ്. അതുകൊണ്ട് സർക്കാരിൽ സ്വാധീനം ചെലുത്തി ചെറുവള്ളി എസ്റ്റേറ്റ് കൈവശപ്പെടുത്താൻ കെ.പി.യോഹന്നാന് ബുദ്ധിമുട്ടുണ്ടാകില്ല.

## പ്രഭാതധ്യാനം ഇപ്പോൾ സൗജന്യനിരക്കിൽ ബുക്ക് ചെയ്യാം

പ്രഭാതധ്യാനത്തിന്റെ റിക്കാഡിംഗ് ആരംഭിച്ചു. ഡിസംബർ 15ന് ഈ സി.ഡികൾ വിതരണത്തിന് തയ്യാറാകും. മുഖവില 1200 രൂപ. ഇപ്പോൾ പണമടച്ച് ബുക്ക് ചെയ്യുന്നവർ പ്രീപബ്ലിക്കേഷൻ നിരക്കായ 800 രൂപ മാത്രം നൽകിയാൽ മതിയാകും. (വിശദ വിവരങ്ങൾ ആറാം പേജിൽ)

പുതിയനിയമത്തിൽ നിന്ന് ടി.എസ്.ബാലൻ തയ്യാറാക്കി വന്നിരുന്ന 100 പ്രസംഗങ്ങൾ ഇപ്പോൾ വിതരണം ചെയ്തുവരുന്നു. മുൻകൂർ പണമടച്ച് ബുക്ക് ചെയ്തവർക്ക് സി.ഡികൾ അയച്ചു കഴിഞ്ഞു. ഈ സി.ഡികൾ ഇതുവരെ ബുക്ക് ചെയ്യാത്തവർ 900 രൂപ (പൂർണ്ണമായ വിലാസവും ഫോൺ നമ്പറും സഹിതം) താഴെ കാണുന്ന വിലാസത്തിൽ അയച്ച് ആവശ്യപ്പെടുക.

കൂടുതൽ വിവരങ്ങൾക്ക്:

**ടി.എസ്.ബാലൻ, ആനന്ദ് ഭവൻ,**
**കെ.എസ്.ആർ.ടി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**
**Ph: 0484-3232356, Mob: 9447414608**

# കെ.എസ്.ജേക്കബ് വീണ്ടും തിൻമയ്ക്കെതിരെ പ്രതികരിക്കുന്നു

ഐ.പി.സിയിൽ നിലനിൽക്കുന്ന തിൻമകൾക്കെതിരെ സന്ധിയില്ലാസമരം നടത്തിവരുന്ന കെ.എസ്.ജേക്കബ് ഐ.പി.സി ജനറൽ കൗൺസിലിന് അയച്ച കത്തിന്റെ പൂർണ്ണരൂപം.

ഇൻഡ്യൻ പെന്തക്കോസ്തു ദൈവസഭ ജനറൽ കൗൺസിൽ സെക്രട്ടറിയും അംഗങ്ങളും അറിയുന്നതിന്,

നമ്മുടെ പിതാക്കൻമാർ പട്ടിണിയുടേയും ദാരിദ്ര്യത്തിന്റേയും നടുവിൽ വേർപാടും വിശുദ്ധിയും കാത്തുസൂക്ഷിച്ച്, സകലത്തിലും ദൈവത്തെ പ്രസാദിപ്പിച്ചിരുന്നു. ഏതു പ്രതികൂലസാഹചര്യത്തിലും പതറാതെ ദൈവവചനാനുസൃതം ജീവിച്ചു. മറ്റുള്ളവർ തങ്ങളേക്കാൾ ശ്രേഷ്ഠർ എന്നു കരുതി താഴ്മ ധരിച്ചു. എന്നാൽ പണം വർദ്ധിച്ചപ്പോൾ ഉച്ചനീചത്വം സഭയിൽ ഉടലെടുത്തു. കുടുംബ ട്രസ്റ്റുകളുണ്ടാക്കി സമ്പത്തു വർദ്ധിപ്പിച്ചവർ സ്ഥാനമാനങ്ങളുടെ പിന്നാലെ പോകുകയാണ്.

പണം കൊടുത്ത് പലരും ഡോക്ടർ ഡിഗ്രികൾ വാങ്ങി പത്രപ്പരസ്യം കൊടുക്കുന്നു. ജനം വിലമതിക്കാത്ത ഈ വ്യാജഡിഗ്രികൾ പാസ്റ്റർമാർക്ക് എന്തിനാണെന്നു മനസ്സിലാകുന്നില്ല. അല്പന് ഐശ്വര്യം വരുമ്പോൾ പാതിരായ്ക്കും കുടപിടിക്കും. ഡോക്ടർമാരല്ലാത്ത പാസ്റ്റർമാരുടെ എണ്ണം അനുദിനം കുറഞ്ഞുവരുകയാണ്.

സഭയിൽ പല ജാതീയാചാരങ്ങളും കടന്നുകൂടുകയാണ്. പെന്തക്കോസ്തുകാരും ക്രിസ്തുമസ്സ്, ഈസ്റ്റർ തുടങ്ങിയവ ആഘോഷിക്കാൻ തുടങ്ങിയിരിക്കുന്നു. പാസ്റ്റർ കെ.ഇ.ഏബ്രഹാം ഉപവാസ പ്രാർത്ഥനയോടെയാണ് 60-ാം ജൻമദിനം കൊണ്ടാടിയത്. പക്ഷേ ഐ.പി.സിയുടെ ഇന്നത്തെ പ്രസിഡന്റായ കെ.സി.ജോൺ തന്റെ 60-ാം ജൻമദിനം തിരുവല്ലയിലെ ഒരു ഹോട്ടലിലാണ് കൊണ്ടാടിയത്. മന്ത്രിമാരേയും എം.എൽ.എമാരേയും മറ്റു പ്രമുഖരേയും ക്ഷണിച്ചുവരുത്തുകയും ചെയ്തിരുന്നു. അറുപതാമത്തെ വയസ്സുവരെ കാത്ത കർത്താവിന് നന്ദികരേറ്റാൻ തോന്നിയതുമില്ല. ഈ ഹീനമായ നടപടി മറ്റു പെന്തക്കോസ്ത് നേതാക്കൻമാരും പിൻതുടരാൻ സാധ്യതയുണ്ട്. ഇവിടെ അടുത്തുള്ള ഒരു യു.പി സ്കൂൾ ഹെഡ്മാസ്റ്റർ ആനപ്പുറത്തിരുന്ന് തെരുവു ചുറ്റിയാണ് 60-ാം പിറന്നാൾ ആഘോഷിച്ചത്. പെന്തക്കോസ്തുകാരും ഈ സ്ഥിതിയിലെത്താൻ ഏറെക്കാലം വേണ്ടിവരില്ല.

മരണാനന്തരം അനുശോചന യോഗങ്ങൾ നടത്തുന്നതും ഇപ്പോൾ പെന്തക്കോസ്തിൽ പതിവായിരിക്കുന്നു. പരേതൻ ജീവിച്ചിരുന്നപ്പോൾ ചെയ്തതിന് പ്രതിഫലം ലഭിക്കുമെന്നത് ശരിതന്നെ. പക്ഷേ മരണശേഷം എങ്ങനെ പ്രശംസിച്ചാലും ഫലമില്ല. ഇക്കണക്കിനു പോയാൽ സമുദായക്കാർ ചെയ്യുന്നതുപോലെ പതിനാറടിയന്തിരവും നാല്പത്തൊന്നും മറ്റും പെന്തക്കോസ്തുകാരും നടത്തിയേക്കാം. ഈ ദുരവസ്ഥക്ക് ഒരു പരിഹാരം ഉണ്ടായേ മതിയാകൂ.

എന്ന് കെ.എസ്.ജേക്കബ്, കീരുകുഴി.

# അവറാച്ചന് അലൈനിൽ അശുദ്ധന്റെ ആതിഥേയത്വം

കന്നുചെന്നാൽ കന്നിൻകൂട്ടത്തിൽ എന്നു പറഞ്ഞതുപോലെ അശുദ്ധൻ ചെന്നാൽ അശുദ്ധന്റെ കൂട്ടത്തിൽ. പ്രകൃതിസ്നേഹിയായ കെ.എ.ഏബ്രഹാം എന്ന ജനപ്രിയ പ്രസംഗകൻ ഈ മാസം യു.എ.ഇയിൽ വിലസുന്നതാണ്. ഇയാൾ വലിയ വചനപണ്ഡിതനാണെന്നും ഉഗ്രൻ സുവിശേഷകനാണെന്നും മറ്റും തെറ്റിദ്ധരിച്ചാണ് പലരും പ്രസംഗത്തിനു ക്ഷണിക്കുന്നത്. സത്യം അറിഞ്ഞിരുന്നെങ്കിൽ അവരാരും ഈ കള്ളനെ വിളിക്കയില്ലായിരുന്നു. പക്ഷേ അലൈനിൽ ഈ കള്ളന് കഞ്ഞിവെയ്ക്കുന്ന ചങ്ങാതി കെ.എ.ഏബ്രഹാമിന് തികച്ചും യോജിക്കുന്ന കക്ഷിയാണെന്ന് അറിയാൻ കഴിഞ്ഞു.

ഈ വിദ്വാൻ ചില വർഷങ്ങൾക്കു മുൻപ് മറ്റൊരു സഭയിലെ അസിസ്റ്റന്റ് പാസ്റ്ററും സണ്ടേസ്കൂൾ ഡയറക്ടറും മറ്റും ആയിരുന്നു. പിന്നീട് ആ സഭയിൽ നിന്ന് മാറി സ്വന്തം സഭ സ്ഥാപിച്ചു. അതൊക്കെ എല്ലായിടത്തും നടക്കുന്ന കാര്യമായതുകൊണ്ട് ഇയാളെ കുറ്റപ്പെടുത്തുന്നുമില്ല. പക്ഷേ ഗൗരവമുള്ള മറ്റൊരു പ്രശ്നമുണ്ട്.

അഞ്ചാറു കൊല്ലം മുൻപ് ഇയാൾ ഒരു ഹീനകൃത്യം ചെയ്തു. സണ്ടേസ്കൂൾ വിദ്യാർത്ഥിനിയായ ഒരു പെൺകുട്ടിയെ ഒരു ട്രാപ്പിൽ പെടുത്തി ഇയാൾ ബലാൽസംഗം ചെയ്തു. ഗൾഫിലെ നിയമമനുസരിച്ച് കഠിനമായ ശിക്ഷ ലഭിക്കാവുന്ന കുറ്റമാണിത്. പക്ഷേ സംഭവം പുറത്തറിഞ്ഞാൽ ആ പെൺകുട്ടിയുടെ ജീവിതവും തകരും. അതുകൊണ്ട് മാതാപിതാക്കൾ ഈ സംഭവം പുറത്തറിയിക്കാതെ ഒതുക്കി. ഈ ദുഷ്കർമ്മം ചെയ്തവനാണ് ഇപ്പോൾ പാസ്റ്ററായി വിലസുന്നതും പ്രകൃതിവിരുദ്ധനെ വിളിച്ച് കൺവെൻഷൻ നടത്തുന്നതും.

# സുഭാഷിതത്തിന് നാലുലക്ഷം വായനക്കാർ നഷ്ടമായി

മോനായിയുടെ പത്രമായ സുഭാഷിതത്തിന് നാലുലക്ഷം വായനക്കാർ നഷ്ടമായി..... 3-ാം പേജ് നോക്കുക

ദി ഡിഫെൻഡർ

Vol. No.10 Issue No. 21 2007 November 1

# കള്ളൻമാരുടെ ഗുഹ

ദൈവാലയത്തെ കള്ളൻമാരുടെ ഗുഹയാക്കിയ പുരോഹിതർക്കെതിരെ കർത്താവായ യേശുക്രിസ്തു ചാട്ടയെടുത്തു. ഇന്നത്തെ പെന്തക്കോസ്തിനെതിരെ ചാട്ടയല്ല എരുമച്ചാണകത്തിൽ മുക്കിയ ചൂലാണ് എടുക്കേണ്ടത്. അത്ര ദയനീയമാണ് പെന്തക്കോസ്തിലെ സ്ഥിതി.

ഉപദേശം, ജീവിതം എന്നിവ വിശ്വാസികളുടെ രണ്ടു ചിറകുകൾ പോലെയാണ്. ഒരു ചിറകുകൊണ്ട് പറക്കാനാവില്ല. എന്നാൽ പെന്തക്കോസ്തിന് രണ്ടുചിറകും നഷ്ടമായിരിക്കുന്നു. ഉപദേശവുമില്ല ജീവിതവുമില്ല. ഒന്നാം നൂറ്റാണ്ടിലെ ദൈവസഭ കത്തോലിക്കാസഭയായി അധഃപതിക്കാൻ നാലു നൂറ്റാണ്ട് വേണ്ടിവന്നു. എന്നാൽ പെന്തക്കോസ്ത് പ്രസ്ഥാനത്തിന് കള്ളൻമാരുടെ ഗുഹയാകാൻ ഒരു നൂറ്റാണ്ടുപോലും വേണ്ടിവന്നില്ല. എന്നിട്ടും നമുക്ക് നാണം തോന്നുന്നുമില്ല.

വ്യഭിചാരം ഉൾപ്പെടെയുള്ള ദുർന്നടപടികൾ പെന്തക്കോസ്തിൽ ആദ്യകാലം മുതൽതന്നെ ഉണ്ടായിരുന്നു. എങ്കിലും ടി.എസ്.ഏബ്രഹാം, കെ.സി.ജോൺ തുടങ്ങിയവരാണ് വ്യഭിചാരത്തെ ജനകീയകലയാക്കിയത്. ഇപ്പോൾ പ്രകൃതിവിരുദ്ധ ലൈംഗീക ബന്ധങ്ങളും പാപമല്ലാതായിരിക്കുന്നു. സാമ്പത്തിക വെട്ടിപ്പ് നേതാക്കൻമാരുടെ അവകാശവുമാണ്.

ജീവിതത്തിൽ പിഴച്ചവർ പോലും അടുത്തകാലം വരെ ഉപദേശവിഷയങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് എടുത്തിരുന്നത്. എന്നാൽ കഴിഞ്ഞ പത്തുകൊല്ലത്തോളമായി ഈ സ്ഥിതിക്കും മാറ്റം വന്നുകൊണ്ടിരിക്കയാണ്. ഉപദേശവിഷയങ്ങൾ നിസ്സാര അഭിപ്രായ വ്യത്യാസങ്ങളായാണ് ഇന്നത്തെ പെന്തക്കോസ്ത് നേതാക്കൻമാർ കാണുന്നത്. ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് പ്രസ്ഥാനത്തിന്റെ ജനറൽ പ്രസിഡന്റായ കെ.സി.ജോൺ എന്ന പുണ്യപുരുഷൻ നേതൃത്വം കൊടുക്കുന്ന ചവർ ചാനൽ ഒരുവട്ടം കണ്ടാൽ ഇന്നത്തെ പെന്തക്കോസ്ത് എങ്ങോട്ടാണു പോകുന്നതെന്ന് വ്യക്തമാകും. പെന്തക്കോസ്തുകാർ ഏറെ വിലമതിക്കുന്ന വിശ്വാസസ്നാനം, വേർപാട് തുടങ്ങിയവ ചവറിൽ കേട്ടുകേഴ്വിപോലുമില്ലാത്ത സാധനങ്ങളാണ്. പണമുള്ള ഏതു കള്ളനും ചവറിൽ വിലസാം.

ജീവിതകാലം മുഴുവൻ വിശ്വാസസ്നാനത്തിനും വേർപാടിനും എതിരേ പോരാടിയ പി.പി.ജോബിന് ഐ.പി.സിയിലെ പാസ്റ്ററായ സി.പി.മോനായി അവാർഡ് കൊടുക്കുന്നു. ഐ.പി.സിയിലെ ഏറ്റവും വലിയ നേതാവായ ടി.എസ്.ഏബ്രഹാം ഈ തോന്ന്യാസത്തെ ആശീർവദിക്കുന്നു. മറ്റു പെന്തക്കോസ്ത് നേതാക്കൻമാർ ആമേൻ പറയുന്നു. ഇതിനൊക്കെ എതിരേ പ്രതികരിക്കേണ്ട പെന്തക്കോസ്ത് പത്രങ്ങൾ മൗനം പാലിക്കുന്നു. അത്യന്തം ഗുരുതരമാണ് പെന്തക്കോസ്തിലെ സ്ഥിതി. കർത്താവായ യേശുക്രിസ്തു ദൈവാലയത്തിൽ കാണിച്ചുതന്ന മാതൃക മാത്ര മാണ് ഇതിനുള്ള പരിഹാരം.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**For more Details: tsbalan@yahoo.com**

<u>വാർഷിക വരിസംഖ്യ</u>

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ - 1000 രൂപ

ഗൾഫ് രാജ്യങ്ങൾ: 800 രൂപ

അമേരിക്ക: 30 ഡോളർ

വിലാസം:

ററി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

ഗതികെട്ടാൽ പുലി പുല്ലും തിന്നും. കരുണാകരൻ കോൺഗ്രസ്സിലേക്ക് മടങ്ങുകയും ചെയ്യും. പുത്രൻജിക്ക് തൽക്കാലം പുല്ലിനോട് താല്പര്യമില്ല. മടങ്ങിയെത്തുന്ന കരുണാകരനോട് ''ചാട്ടത്തിൽ നിന്നു പിഴച്ചുപോയോ, നിന്റെ കൂട്ടത്തിൽ മറ്റാരുമില്ലാത്തതെന്തെടോ'' എന്ന് ഉമ്മൻ ചാണ്ടിയും രമേശും ചോദിക്കാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല. ''ഹാ കഷ്ടമേ'' എന്നു കുമാരനാശാൻ പാടിയത് ലീഡറുടെ സ്ഥിതി ദീർഘദർശനം ചെയ്തിട്ടാണോ എന്ന് ബലമായി സംശയിക്കണം.

ഹർത്താലുകളുടെ കാര്യത്തിൽ സ്വയംപര്യാപ്തമാണ് നമ്മുടെ നാട്. ഒക്ടോബർ 27ന് ഇടതുപക്ഷം, ബി.ജെപി എന്നിവരുടെ കോട്ടയം ജില്ലാ ഹർത്താൽ. അതിനിടയിൽ യു.ഡി.എഫ് ചങ്ങനാശ്ശേരി താലൂക്കിൽ മാത്രമായി ഒരു സ്മോൾ സ്ക്കെയിൽ ഹർത്താലും നടത്തി. അതേദിവസം ലീഗ് വകയായി മലബാർ ഹർത്താലും കൊണ്ടാടി. കരിപ്പൂർ വിമാനത്താവളത്തോടുള്ള കേന്ദ്ര അവഗണനയ്ക്കെതിരേയായിരുന്നു ഹർത്താൽ. ഇതൊന്നുമറിയാതെ കരിപ്പൂരിൽ വന്നിറങ്ങിയവരും കരിപ്പൂരിലേക്കു പോയവരും വഴിയാധാരമായി. നവംബർ ഒന്നിന് ബി.ജെ.പി. വഹയായി കേരളം മുഴുവൻ നിറഞ്ഞു തുളുമ്പുന്ന ഹർത്താൽ. എത്ര വലിയ കോടതി നിരോധിച്ചാലും ഹർത്താൽ മുറ പോലെ നടക്കും.

ചിലർ കണ്ടുപഠിക്കും, ചിലർ കൊണ്ടുപഠിക്കും. പക്ഷേ കണ്ടാലും കൊണ്ടാലും പഠിക്കാത്തവരുമുണ്ട്. അങ്ങനെയുള്ള ചിലർ പത്തനംതിട്ടയിലും ചങ്ങനാശ്ശേരിയിലും സുരേഷ് ബാബുവിന്റെ കൺവെൻഷനുകൾ ഒരുക്കുന്നു. ഈ ചങ്ങാതിമാർ സ്വന്തം ഭാര്യമാരെ സുരേഷിന്റെ കണ്ണിൽ പെടാതെ പരിപാലിച്ചാൽ നന്ന്.

എന്നാലും ഇതു കുറെ കടുപ്പമാ മോനായീ. സുഭാഷിതത്തിന്റെ ഒക്ടോബർ ലക്കത്തിൽ എഴുപതിലധികം ഫോട്ടോകൾ. ഭീകരംതന്നെ. ഇത് എന്തോ മാനസികരോഗമാണോ എന്ന് ബലമായി സംശയിക്കുന്നു. ഏതായാലും സുഭാഷിതത്തിന്റെ ഗുണഗണങ്ങൾ വിശദീകരിക്കുന്ന പരസ്യത്തിൽ ''ഏറ്റവും അധികം ഫോട്ടോകൾ പ്രസിദ്ധീകരിക്കുന്ന പത്രം'' എന്നുകൂടി ചേർത്താൽ അസ്സലായി. സുഭാഷിതത്തിനു തുല്യം സുഭാഷിതം മാത്രം.

ശാരോന്റെ പ്രസിഡന്റായ ടി.ജി.കോശി എത്രവലിയ മഹാനാണെന്ന് മോനായി വിശദീകരിച്ചപ്പോഴാണ് ശാരോൻകാരുപോലും അറിഞ്ഞത്. ഇത്തരം ഒരു പരമ വിശുദ്ധനാണ് ശാരോന്റെ പ്രസിഡന്റ് എന്ന് ഈ വൈകിയ വേളയിലെങ്കിലും മാലോകരെ അറിയിച്ചതിന് മോനായി അഭിനന്ദനം അർഹിക്കുന്നു. ഈ വിശുദ്ധൻ സഭാസ്വത്തുക്കൾ കൊള്ളയടിച്ചതും ഗർഭഛിദ്രം നടത്തിയതും മറ്റും മോനായി പറഞ്ഞില്ല. വിസിറ്റിംഗ് റൂമിൽ ആർക്കും വായിക്കാവുന്ന പത്രമായി ഇടുന്നതുകൊണ്ട് സുഭാഷിതത്തിന് സത്യം പറയാനാവില്ലല്ലോ.

ഐ.പി.സി തമിഴ്നാട് ഓഫീസിന്റേയും ബൈബിൾ സ്ക്കൂൾ കെട്ടിടത്തിന്റേയും മറ്റും കല്ലിടീൽ ശുശ്രൂഷ സംസ്ഥാന പ്രസിഡന്റായ എം.എസ്.ശാമുവേൽ നിർവ്വഹിക്കുന്ന ചിത്രം മോനായിയുടെ സുഭാഷിതത്തിൽ കണ്ടു. കല്ലിടീൽ ശുശ്രൂഷയേക്കുറിച്ച് ബൈബിളിൽ എവിടെയാണ് പറയുന്നതെന്ന് പിടികിട്ടിയില്ല. പെന്തക്കോസ്ത് പാസ്റ്റർമാർ എന്തുചെയ്താലും അത് ശുശ്രൂഷയായിരിക്കും എന്നു തോന്നുന്നു. ഇക്കണക്കിനു പോയാൽ കഞ്ഞികുടിക്കൽ ശുശ്രൂഷ, ചായകുടിക്കൽ ശുശ്രൂഷ, മൂത്രമൊഴിക്കൽ ശുശ്രൂഷ തുടങ്ങിയവയേക്കുറിച്ചു വരെ കേൾക്കേണ്ടതായി വരും. ദയവായി അവിടെകൊണ്ടെങ്കിലും നിർത്തണേ മോനായീ.

എം.എസ്.ശാമുവേലിന്റെ നേതൃത്വത്തിൽ തമിഴ്നാട്ടിൽ ഐ.പി.സി വലിയ മുന്നേറ്റം നടത്തിയതായി മോനായി പറയുന്നു. അമേരിക്കയിൽ സ്ഥിരതാമസമാക്കുകയും അവിടെയിരുന്ന് മോനായിയുടെ പത്രം മാനേജ് ചെയ്യുകയും തമിഴ്നാട് സുവിശേഷം കൊണ്ട് നിറയ്ക്കുകയും ചെയ്യുന്ന ഈ ചങ്ങാതി കുറഞ്ഞ പുള്ളിയല്ലെന്ന് തീർച്ച.

It is the time of you. വല്ലതും പിടികിട്ടിയോ? ഇല്ലെങ്കിൽ അതു വായിച്ചിട്ട് മലയാളത്തിൽ ചിന്തിക്കുക. അപ്പോൾ ''ഇത് നിങ്ങളുടെ സമയമാണ്'' എന്ന് മനസ്സിലാകും. ഇതു പറഞ്ഞത് കെ.എ.ഏബ്രഹാം സായിപ്പാണ്. ഈ ചങ്ങാതിക്ക് ഈയിടെയായി മലയാളത്തിൽ ഐഡിയാസ് എക്സ്പ്രസ്സ് ചെയ്യാൻ വലിയ ഡിഫിക്കൽറ്റിയാണ്. ഇംഗ്ലണ്ടിൽ പോയിട്ടു വന്നപ്പോൾ തുടങ്ങിയ അസുഖമാണ്. ഒരു കുപ്പി ചൂരൽക്കഷായം കുടിച്ചാൽ തീരുന്ന പ്രശ്നമേയുള്ളൂ.

മോർദ്ദേഖായി എപ്പോഴും രട്ടുടുത്താണത്രേ നടന്നിരുന്നത്. അതുപോലെ യഹൂദന് തെറ്റു പറ്റുകയില്ല. ഒരിക്കൽ മാത്രമേ യഹൂദന് തെറ്റിയിട്ടുള്ളൂ. അത് കർത്താവിനെ തള്ളിക്കളഞ്ഞപ്പോഴാണ്. ആരാണ് ഈ കണ്ടുപിടുത്തങ്ങളൊക്കെ നടത്തിയത്? സൂര്യനിൽ ഹീലിയം കത്തിച്ച അവറാച്ചൻ ഉപദേശി - അതായത് പ്രകൃതിവിരുദ്ധനായ കെ.എ.ഏബ്രഹാം. അടുത്ത വർഷവും അവറാച്ചന് അവാർഡ് ഉറപ്പ്.

**ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?**

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

# കയീനും ഹാബേലുംകൂടി മാർക്കറ്റിൽ പോയി

ജാക്ക് ആന്റ് ജിൽ വെന്റ് അപ് ദി ഹിൽ എന്നു പറഞ്ഞതു പോലെ കയീനും ഹാബേലുംകൂടി മാർക്കറ്റിൽ പോയി. എന്താ വിശ്വാസം വരുന്നില്ലേ? വിശ്വസിക്കാതെ തരമില്ല. കാരണം, ഇതു പറയുന്നത് സാക്ഷാൽ കെ.എ.ഏബ്രഹാമാണ്. ഉലക സുവിശേഷീകരണം പൊടിപൊടിക്കുന്ന ചവർ ചാനലിലൂടെയാണ് ഈ അത്യപൂർവ്വ വിജ്ഞാനം മേല്പടിയാൻ മാലോകരെ അറിയിച്ചതും. സംഗതിയുടെ ആധികാരികതയ്ക്ക് വേറെ തെളിവെന്തുവേണം?

ആരോ അയച്ച ഒരു കത്തിന്റെ മറപിടിച്ച്, വാലും തലയുമില്ലാതെ, പ്രസംഗിക്കുന്നതിനിടയിലാണ് ഈ അത്ഭുതസംഭവത്തേക്കുറിച്ച് അവറാച്ചൻ പറഞ്ഞത്. കയീനും ഹാബേലും ആരാധനയുടെ വിഷയത്തിൽ ഒഴികെ എല്ലാ കാര്യത്തിലും പെരുത്ത ലോഹ്യത്തിലായിരുന്നെന്നും അവർ മാർക്കറ്റിൽ പോകുന്നത് ഒന്നിച്ചായിരുന്നെന്നും ഒക്കെയാണ് പറഞ്ഞതിന്റെ ചുരുക്കം. മാർജിൻ ഫ്രീ മാർക്കറ്റ് എന്ന് പറഞ്ഞില്ലല്ലോ. ഭാഗ്യം.

# ജോർജ് ശാമുവേൽ വിഡ്ഢിവേഷം കെട്ടരുത്

ഡിഫെൻഡറിന്റെ അറിവിൽ പെട്ടിടത്തോളം ജോർജ് ശാമുവേൽ മാന്യനാണ്. പക്ഷേ മോനായിയുമായി ചേർന്ന് അവാർഡ് കച്ചവടവും സ്വയം അവാർഡ് പ്രഖ്യാപനവും മറ്റും നടത്തിയതോടെ ഡിഫെൻഡറിന്റെ ധാരണ തെറ്റാണോ എന്ന് സംശയമുദിച്ചിരിക്കയാണ്. കൂടാതെ, സുഭാഷിതത്തിലും മരുപ്പച്ചയിലും മറ്റും ജോർജ് ശാമുവേൽ എഴുതുന്ന ചവറുകൾ കാണുകകൂടി ചെയ്യുന്നതോടെ ഇദ്ദേഹത്തോടുള്ള എല്ലാ ബഹുമാനവും ഇല്ലാതാകുന്നു. ഉദാഹരണത്തിന്, മരുപ്പച്ചയുടെ ഒക്ടോബർ 20 ലക്കത്തിൽ എഴുതിയ ''ഓട്ടവും ബസ്ചാർജ് ലാഭിക്കലും'' എന്ന ലേഖനം നോക്കുക.

നൂറ്റൊന്നാവർത്തിച്ചാൽ ക്ഷീരബലക്ക് ശക്തി വർദ്ധിക്കുമായിരിക്കാം. പക്ഷേ അതല്ല ഫലിതത്തിന്റെ സ്ഥിതി. ഹോട്ടലാണെന്നു തെറ്റിദ്ധരിച്ച് ബാർബർ ഷോപ്പിൽ കയറിയ ചങ്ങായി ഓരോ പ്ലേറ്റ് കട്ടിംഗും ഷേവിംഗും ചോദിച്ചകാര്യം പറഞ്ഞാൽ അച്ചൻകുഞ്ഞു പോലും ചിരിക്കുമെന്നു തോന്നുന്നില്ല. അതിനേക്കാൾ വളിച്ച തമാശയാണ് ബസ്സിന്റെ പിന്നാലെ ഓടി പണം ലാഭിച്ചകാര്യം. ജോർജ് ശാമുവേലിനേപ്പോലുള്ള ഒരാൾ ഇത്ര തരംതാഴരുത്.

# കെ. ഇ. ഏബ്രഹാം മരിച്ചില്ലേ?

പാസ്റ്റർ കെ.ഇ.ഏബ്രഹാം മൂന്നര പതിറ്റാണ്ടുമുൻപ് മരിച്ചെന്നാണ് കേട്ടിരുന്നത്. പക്ഷേ അദ്ദേഹം ഇപ്പോഴും ജീവനോടെയിരിക്കുന്നു എന്ന് സുഭാഷിതത്തിന്റെ സെപ്റ്റംബർ ലക്കം കണ്ടപ്പോൾ മനസ്സിലായി. ജീവനോടെ ഇരിക്കുന്നു എന്നു മാത്രമല്ല അദ്ദേഹം സുഭാഷിതത്തിൽ ലേഖനം എഴുതുകയും ചെയ്തിരിക്കുന്നു. സംശയമുള്ളവർ നാലാം പേജ് നോക്കുക. ''വിവിധ രോഗസൗഖ്യങ്ങൾ'' എന്ന തലക്കെട്ടിൽ പാസ്റ്റർ കെ.ഇ.ഏബ്രഹാം ലേഖനം എഴുതിയിരിക്കുന്നു. അത് വേറെ ഏതോ കെ.ഇ.ഏബ്രഹാമാണെന്ന് പറയാനും വയ്യ. കാരണം, സാക്ഷാൽ കെ.ഇ.ഏബ്രഹാമിന്റെ ഫോട്ടോയും ഒപ്പമുണ്ട്.

കെ.ഇ.ഏബ്രഹാം എഴുതിയ ഏതെങ്കിലും പുസ്തകത്തിൽ നിന്നും എടുത്തതായിരിക്കുമോ ഈ ലേഖനം. അല്ലെന്നുവേണം കരുതാൻ. ഏതെങ്കിലും പുസ്തകത്തിൽ നിന്ന് എടുത്തതായിരുന്നെങ്കിൽ ആ വിവരം പരാമർശിക്കുമായിരുന്നല്ലോ. പാസ്റ്റർ കെ.ഇ.ഏബ്രഹാം ഇത്രക്കാലം എവിടെ ഒളിഞ്ഞിരിക്കയായിരുന്നെന്നും എന്തിനാണ് ഇങ്ങനെ അജ്ഞാതവാസം നടത്തിയതെന്നും അറിയാനുള്ള അവകാശം സകല പെന്തക്കോസ്തുകാർക്കുമുണ്ട്. ആരെങ്കിലും അദ്ദേഹത്തെ തട്ടിക്കൊണ്ടുപോയതാണോ? അതോ അജ്ഞാതവാസമനുഷ്ഠിക്കാൻ കെ.ഇ.ഏബ്രഹാം സ്വയം തീരുമാനിക്കയായിരുന്നോ? ഏതായാലും മോനായിയുടെ പത്രത്തിൽ വിവിധ രോഗസൗഖ്യങ്ങളേക്കുറിച്ച് ലേഖനം എഴുതിക്കൊണ്ട് അജ്ഞാതവാസം അവസാനിപ്പിക്കാൻ തീരുമാനിച്ചതിൽ ഡിഫെൻഡറിന് സന്തോഷമേയുള്ളൂ.

# രുദ്രാക്ഷാനന്ദൻ കഷ്ടത്തിലായി



റ്റി.എസ്.ബാലന്റെ ശല്യം കാരണം രുദ്രാക്ഷാനന്ദന് ജീവിക്കാൻ വയ്യാതായിരിക്കുന്നു. പതിനെട്ടടവും പയറ്റിയിട്ടും ബാലൻ ഒതുങ്ങുന്നില്ല. എന്തു ചെയ്യണമെന്നറിയാതെ കുഴയുകയാണ് മാത്യൂസ്. ഗൾഫിൽ തികച്ചും സമാധാനപരമായി തട്ടിപ്പു നടത്താൻ ചെന്നപ്പോൾ അതാ ബാലൻ അവിടെ. എന്നാൽ, ബാലൻ കേറാമലയായ അമേരിക്കയിൽ വിലസാമെന്നു വെച്ചപ്പോൾ ഇന്റർനെറ്റിലൂടെ ബാലൻ അവിടെയുമെത്തിയിരിക്കുന്നു. എവിടെ ചെന്നാലും ആളുകൾ ബാലന്റേയും ഇന്റർനെറ്റിന്റേയും കാര്യം പറയുന്നു. മന:സമാധാനമായിട്ട് ജനവഞ്ചന നടത്താൻ അനുവദിക്കില്ലെന്നുവന്നാൽ എന്തുചെയ്യും? ബാലനെ ഇങ്ങനെ വിട്ടാൽ പറ്റില്ല. പക്ഷേ എന്തു ചെയ്യണമെന്ന് പിടികിട്ടുന്നുമില്ല.

# പുതുപ്പള്ളിയച്ചനെ കണ്ടവരുണ്ടോ?

മാസവിശേഷത്തിന് മോനായിയുടെ അവാർഡുവാങ്ങിയ ശേഷം ശ്രീമാൻ പുതുപ്പള്ളിയച്ചനെ കാണാനില്ല. സുഭാഷിതത്തിന്റെ ഒക്ടോബർ ലക്കത്തിൽ മാസവുമില്ല വിശേഷവുമില്ല. ഇതുകൊണ്ടൊന്നും ഒരു വിശേഷവുമില്ലെന്നു മനസ്സിലായതുകൊണ്ട് വിശേഷഘോഷണം മതിയാക്കിയതാണോ അതോ കന്നിമാസമായതുകൊണ്ട് ജോലിത്തിരക്കുമൂലം വിശേഷം പറയാൻ സമയം കിട്ടാതെപോയതാണോ എന്ന് അറിഞ്ഞുകൂടാ. ഒരുപക്ഷേ സകലമാന പത്രങ്ങൾക്കും ക്രിസ്തുമസ്സിനേക്കുറിച്ച് ലേഖനമെഴുതുന്ന തിരക്കിൽ മോനായിക്ക് ലേഖനമെഴുതിക്കൊടുക്കാൻ സമയം കിട്ടാതെപോയതാകാം. ഏതായാലും അച്ചനെ കാണാതായിരിക്കുന്നു.

# സുഭാഷിതത്തിന് നാലുലക്ഷം വായനക്കാർ നഷ്ടമായി



സി.പി.മോനായിയുടെ പത്രമായ സുഭാഷിതത്തിന് നാലുലക്ഷം വായനക്കാരെ നഷ്ടമായി. കേവലം മൂന്നുമാസംകൊണ്ടാണ് ഇത്രവലിയ തകർച്ച ഉണ്ടായിരിക്കുന്നത്. ഡിഫെൻഡർ അടിസ്ഥാനരഹിതമായ ആരോപണം ഉന്നയിക്കയാണെന്ന് കരുതുന്നവർ താഴെ കാണുന്ന രണ്ടു പരസ്യങ്ങൾ ശ്രദ്ധിക്കുക.

മുകളിലുള്ള പരസ്യം സുഭാഷിതത്തിന്റെ 2007 ജൂലൈ ലക്കം 15-ാം പേജിലുള്ളതാണ്. താഴെയുള്ള പരസ്യം സുഭാഷിതത്തിന്റെ ഒക്ടോബർ ലക്കം 12-ാം പേജിലുണ്ട്. ജൂലൈ ലക്കത്തിൽ വായനക്കാരുടെ എണ്ണം അഞ്ചുലക്ഷം എന്ന് മോനായി പറയുന്നു. ഒക്ടോബർ ലക്കത്തിൽ ഒരുലക്ഷം വായനക്കാർ എന്നും പറയുന്നു. ഇതൊക്കെ പറയുന്നത് സുഭാഷിതത്തിന്റെ ചീഫ് എഡിറ്ററായ സാക്ഷാൽ സി.പി. മോനായിയായതുകൊണ്ട് മാലോകരൊക്കെ വിശ്വസിച്ചേ മതിയാകൂ. അങ്ങനെയെങ്കിൽ നാലു ലക്ഷം വായനക്കാരുടെ കുറവുണ്ടായി എന്ന് വ്യക്തം. ഒരു മലയാള പത്രത്തിനും ഇത്ര വലിയ ഒരു തകർച്ച ഉണ്ടായതായി അറിവില്ല.

സുഭാഷിതത്തിന് എത്ര കോപ്പിയുണ്ടെന്നറിയാൻ ഡിഫെൻഡർ ഒരു അന്വേഷണം നടത്തിയിരുന്നു. (ഈ വാർത്ത ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കയും ചെയ്തിരുന്നു). 2500 കോപ്പികളാണ് സുഭാഷിതത്തിനുള്ളത്. വായനക്കാർ അഞ്ചു ലക്ഷവും. അതായത്, സുഭാഷിതത്തിന്റെ ഓരോ ലക്കവും ശരാശരി 200 ആളുകൾ വായിക്കുന്നു. 15 ലക്ഷം കോപ്പികൾ പ്രസിദ്ധീകരിക്കുന്ന മനോരമയുടെ ഓരോ കോപ്പിയും കഷ്ടിച്ച് ആറുപേർ മാത്രമേ വായിക്കുന്നുള്ളൂ. അപ്പോഴാണ് സുഭാഷിതം 200 ആളുകൾ വായിക്കുന്നത്. ഇപ്പോൾ ഇത് 40 ആയി ചുരുങ്ങിയിരിക്കുന്നു. അത്രയും ആശ്വാസം. ഒന്നു ചോദിച്ചോട്ടെ മോനായി: പരമാവധി എത്രവരെ കുറയ്ക്കും? 5000ൽ ഉറപ്പിക്കാമോ?


സുഭാഷിതം

വാർത്താ പത്രിക

വിമർശനമില്ലാതെ സത്യസന്ധമായി വിശ്വാസികൾക്കും മറ്റുവർക്കും ഒരുപോലെ പ്രയോജനമുള്ള വാർത്തകളും ലേഖനങ്ങളും ഉള്ള ഏക പത്രം സുഭാഷിതം. ■നിങ്ങളുടെ വിസിറ്റിങ് റൂമിൽ ആർക്കും വായിക്കത്തക്കവിധം പ്രദർശിപ്പിക്കുവാൻ കൊള്ളാവുന്ന ഏകപത്രം സുഭാഷിതം.■സുവിശേഷീകരണം മാത്രം ലക്ഷ്യം. ■ആത്മീയ നിലവാരം ഉയർത്തുന്ന ലേഖനങ്ങളും പംക്തികളും കൊണ്ട് സമ്പുഷ്ടമായ പ്രതിമാസപത്രിക. ■ഓരോ ലക്കവും 16 പേജുകൾ. ■ സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകം പംക്തി ■ലോകത്തിൽ 5 ലക്ഷത്തിൽ അധികം വായനക്കാർ. ■കേരളത്തിലും വടക്കേ ഇന്ത്യയിലും, അമേരിക്ക, ആസ്ട്രേലിയ, അയർലണ്ട്, ഇംഗ്ലണ്ട്, കാനഡ, ഇറാക്ക്, സൗദി അറേബ്യ, യു.എ.ഇ., കുവൈറ്റ്, ദോഹ, മസ്ക്കറ്റ് എന്നിവിടങ്ങളിൽ മാത്രമല്ല മലയാളികൾ എവിടെയുണ്ടോ അവിടെയെല്ലാം സുഭാഷിതം എത്തിച്ചേരുന്നു. ■ നിങ്ങളുടെ പരസ്യങ്ങൾ കുറഞ്ഞനിരക്കിലും വാർത്തകൾ സൗജന്യമായും പ്രസിദ്ധീകരിക്കുന്നു.

സുഭാഷിതം

വാർത്താ പത്രിക

- വിമർശനമില്ലാതെ സത്യസന്ധമായി വിശ്വാസികൾക്കും മറ്റു വർക്കും ഒരുപോലെ പ്രയോജനമുള്ള ഏക പത്രം സുഭാഷിതം
- നിങ്ങളുടെ വിസിറ്റിങ് റൂമിൽ ആർക്കും വായിക്കത്തക്കവിധം പ്രദർശിപ്പിക്കുവാൻ കൊള്ളാവുന്ന ഏകപത്രം സുഭാഷിതം
- സുവിശേഷീകരണം മാത്രം ലക്ഷ്യം.
- ലോകത്തിൽ 1 ലക്ഷത്തിൽ അധികം വായനക്കാർ.
- കേരളത്തിലും വടക്കേ ഇന്ത്യയിലും, അമേരിക്ക, ആസ്ട്രേലിയ, അയർലണ്ട്, ഇംഗ്ലണ്ട്, കാനഡ, ഇറാക്ക്, സൗദി അറേബ്യ, യു.എ.ഇ., കുവൈറ്റ്, ദോഹ, മസ്ക്കറ്റ് എന്നിവിടങ്ങളിൽ മാത്രമല്ല മലയാളികൾ എവിടെയുണ്ടോ അവിടെയെല്ലാം സുഭാഷിതം എത്തിച്ചേരുന്നു.
- നിങ്ങളുടെ പരസ്യങ്ങൾ കുറഞ്ഞനിരക്കിലും വാർത്തകൾ സൗജന്യമായും പ്രസിദ്ധീകരിക്കുന്നു. ഇന്നുതന്നെ വരിക്കാരാവൂ.

വാർഷിക വരിസംഖ്യ: ഇന്ത്യയിൽ 50 രൂപ, വിദേശത്ത് 1000 രൂപ. Cheque/DD അയയ്ക്കുമ്പോൾ Subhashitham A/c 0079073000000781 SIB, TVLA, എന്ന പേരിൽ അയയ്ക്കുക.

Subhashitham, R.K. Building, Stadium Road, Tiruvalla - 1
Kerala, India. Tel: 0469 - 2731484 , Mob: 9349925589
E-mail : subashitham@rediffmail.com




# ചർച്ച് ഓഫ് ഗോഡും കുറെ വിവരക്കേടും

ജ്യോതിമാർഗ്ഗത്തിന്റെ ഒക്ടോബർ ലക്കത്തിൽ മുഖ്യ വാർത്തയായി കൊടുത്തിരുന്ന ''ദൈവസഭ ശതാബ്ദി നിറവിൽ'' എന്ന ലേഖനം ശുദ്ധ അസംബന്ധമാണെന്ന് പറയാതെവയ്യ. കാനം അച്ചൻ മുഖ്യ പത്രാധിപരായിരിക്കുന്ന പത്രത്തിൽ ഇത്തരം വിവരക്കേടുകൾ വരുന്നത് അത്യന്തം ലജ്ജാകരമാണ്.

ഒന്നാമതായി ദൈവസഭക്ക് നൂറു വർഷത്തെ പഴക്കമല്ല രണ്ടായിരത്തോളം വർഷത്തെ പഴക്കമാണുള്ളത്. അതുകൊണ്ട് ദൈവസഭയുടെ ശതാബ്ദി എന്നു പറയുന്നത് തോന്ന്യാസമാണ്. ചർച്ച് ഓഫ് ഗോഡ് എന്ന സംഘടനയുടെ കാര്യമാണു പറയുന്നതെന്ന് തുടർന്നു പറയുന്നുണ്ട്. അങ്ങനെയെങ്കിൽ അത് തലക്കെട്ടിൽ തന്നെ വ്യക്തമാക്കണം.

ചർച്ച് ഓഫ് ഗോഡിന് ആ പേരിട്ടത് ദൈവാത്മപ്രേരണയാലാണെന്ന് ലേഖനത്തിൽ പറയുന്നത് ദൈവവചനം പഠിക്കാത്തതുകൊണ്ടാണ്. വിശ്വാസി, പ്രാദേശികസഭ, ആകമാനസഭ എന്നിവ മാത്രമേ ദൈവിക പദ്ധതിയിലുള്ളൂ. ഐ.പി.സി, ശാരോൻ, എ.ജി., ചർച്ച് ഓഫ് ഗോഡ് തുടങ്ങിയ എല്ലാ സംഘടനകളും മനുഷ്യനിർമ്മിതമാണ്. ഈ സംഘടനകൾക്കെല്ലാം പേരിട്ടത് മനുഷ്യബുദ്ധി ഉപയോഗിച്ചാണ്.

ഒന്നാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന ദൈവസഭപോലെയാണ് ഇന്നത്തെ ചർച്ച് ഓഫ് ഗോഡ് എന്ന വാദം ഈ വർഷത്തെ ഏറ്റവും വലിയ ഫലിതമായി പരിഗണിക്കാം. ദൈവീകപദ്ധതിയിലില്ലാത്ത ഒരു സംഘടനയുണ്ടാക്കിയിട്ട് അതിനെ ദൈവസഭ എന്നു വിളിച്ചതുതന്നെ തെറ്റ്. ഈ സംഘടനയെ സാക്ഷാൽ ദൈവസഭയാക്കുന്നത് അതിലും വലിയ തെറ്റ്. ഇതെഴുതിയ ആളും എല്ലാ ചർച്ച് ഓഫ് ഗോഡുകാരും ദൈവവചനം പഠിക്കുക.

ലോക്കൽ സഭകൾ സ്വതന്ത്രമാണ്. ഒന്നാം നൂറ്റാണ്ടിൽ ആരും ഇത്തരം ലോക്കൽ സഭകളെ കൂട്ടിയിണക്കി സംഘടനയുണ്ടാക്കിയില്ല. അപ്പോസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, അദ്ധ്യാപകൻ എന്നിവരാണ് ദൈവസഭയിലെ ശുശ്രൂഷകർ. ഓരോ പ്രാദേശിക സഭയിലും നിരവധി ശുശ്രൂഷകന്മാരും ശുശ്രൂഷക്കാരത്തികളും ഉണ്ടായിരിക്കണം. അവരുടെ കങ്കാണി അല്ലെങ്കിൽ മേൽനോട്ടക്കാരനാണ് ഓവർസിയർ (ബിഷപ്പ്). ഇന്നത്തെ ചർച്ച് ഓഫ് ഗോഡിൽ കാണുന്ന ഓവർസിയർ എന്ന അത്ഭുതജീവി ഒന്നാംനൂറ്റാണ്ടിലെ ചർച്ച് ഓഫ് ഗോഡിൽ ഇല്ലായിരുന്നു. ഡിസ്ട്രിക് പാസ്റ്ററുടെ കാര്യവും തഥൈവ. (1തിമോ.3:1–)

ദൈവവേലയ്ക്കായി ദൈവം വിളിച്ചവരെ പ്രാദേശിക സഭയിലെ മൂപ്പൻമാർ ചേർന്ന് കൈവച്ച് ഓർഡിനേഷൻ കൊടുക്കുന്ന രീതിയായിരുന്നു ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നത്. (പ്രവൃ.13:1–3). സംഘടനയുടെ നേതാക്കന്മാർ കൈവച്ചാൽ കിട്ടുന്ന ഓർഡിനേഷൻ ദൈവവചനത്തിലുള്ളതല്ല.

ചർച്ച് ഓഫ്ഗോഡിന്റെ ആദ്യകാല നേതാക്കൻമാരെ പിതാക്കൻമാർ എന്ന് ഈ ലേഖനത്തിൽ പരാമർശിക്കുന്നതും വചനവിരുദ്ധമാണ്. ദൈവദാസൻമാർ പിതാക്കൻമാരെന്ന് പേരെടുക്കരുതെന്ന് കർത്താവുതന്നെ പറഞ്ഞിട്ടുള്ളതാണ്.

ചർച്ച് ഓഫ് ഗോഡ് എന്ന സംഘടനയ്ക്ക് എന്തോ മഹത്വമുണ്ടെന്ന ധ്വനിയാണ് ലേഖനത്തിലുള്ളത്. അതുകൊണ്ട് പറയട്ടെ, ഐ.പി.സി., ശാരോൻ, എ.ജി തുടങ്ങിയവപോലെ നല്ലതോ ചീത്തയോ ആയ ഒരു സംഘടന മാത്രമാണ് ചർച്ച് ഓഫ് ഗോഡ്. ഒരു വിശേഷതയുമില്ല. ദൈവസഭ എന്ന് സ്വയം വിളിച്ചതുകൊണ്ടുമാത്രം ഒരു സംഘടന ദൈവസഭയാകുകയില്ല. അതുകൊണ്ട് സംഘടനയുടെ മഹത്വം പറഞ്ഞ് മേനിനടിച്ച് ''അമ്പമ്പടാ ഞാനേ'' എന്നു ഞെളിഞ്ഞ് സ്വയം വിഡ്ഢിയാകേണ്ട.



# ഡിഫെൻഡർ മറുപടി പറയുന്നു

(തിരുവനന്തപുരത്തുനിന്നും ഒരു സഹോദരൻ അയച്ചുതന്ന അഞ്ചു ചോദ്യങ്ങൾക്കുള്ള മറുപടി).

? ഇവിടെയുള്ള ഒരു സഭയിൽ ഞാൻ ആരാധനയ്ക്കു പോയി. അതുമായി ബന്ധപ്പെട്ട് ചില സംശയങ്ങൾക്കു മറുപടി ലഭിക്കാൻ ആഗ്രഹിക്കുന്നു.

1. ആരാധനയിൽ പാട്ടുപാടി ദൈവത്തെ സ്തുതിക്കുമ്പോൾ പാസ്റ്റർ നിന്നിടത്തുനിന്ന് ചാടുന്നു. ഇതുകണ്ട് മറ്റു വിശ്വാസികളും ചാട്ടം ആരംഭിക്കുന്നു. ഇത് ആത്മപ്രേരണയിലാണോ?

■ ദൈവാത്മാവിന്റെ അത്യധികമായ ശക്തിയുണ്ടാകുമ്പോൾ ചാടിപ്പോയെന്നു വരാം. ശക്തമായ ഒഴുക്കിൽ പെട്ടാൽ ഇന്നതേ ചെയ്യൂ എന്നില്ലല്ലോ. പക്ഷേ ഇന്നത്തെ ചാട്ടങ്ങളിൽ ഭൂരിപക്ഷവും വെറും ചാട്ടങ്ങളാണ്. ദൈവാത്മാവിന്റെ പ്രവർത്തനംമൂലം ഉണ്ടാകുന്നതല്ല. താൻ വലിയ ആത്മീയനാണെന്നു വരുത്തിതീർക്കാൻ പാസ്റ്റർ ചാടുന്നു. തങ്ങളും മോശക്കാരല്ലെന്നു കാണിക്കാൻ വിശ്വാസികളും ചാടുന്നു. അതാണ് സംഗതി.

2. പാട്ടുപാടിപ്പാടി വേഗതകൂട്ടി വിശ്വാസികളെ ഒരു ഉന്മത്താവസ്ഥയിലാക്കുന്നു.

■ ഇതും ദൈവീകമാണെന്നു പറയാനാവില്ല. പാടിപ്പാടി ഉന്മാദത്തിലാകുന്നതല്ല പരിശുദ്ധാത്മവ്യാപാരം. ഒറ്റയ്ക്കിരുന്നു പ്രാർത്ഥിച്ച് പരിശുദ്ധാത്മസ്നാനം പ്രാപിച്ചവരുണ്ട്. കൂട്ടത്തിൽ പാട്ടും വെള്ളത്തിൽ പൂട്ടും എന്ന പരുവത്തിൽ അനാവശ്യ കോലാഹലമുണ്ടാക്കുന്നത് ദൈവീകമല്ല.

3. പാട്ടുപാടിക്കൊണ്ടിരിക്കുമ്പോൾ അതേട്യൂണിൽ പാസ്റ്റർ അന്യഭാഷയിൽ പാടുന്നു. വിശ്വാസികൾ കൈയ്യടിക്കുന്നു. ഇത് ദൈവീകമാണോ? ദൈവവചനത്തിൽ ഇതിനടിസ്ഥാനമുണ്ടോ?

■ ആദ്യമായി 1 കൊരി. 14:15 വായിക്കുക: ''ആകയാൽ എന്ത്? ഞാൻ ആത്മാവുകൊണ്ടു പ്രാർത്ഥിക്കും; ബുദ്ധികൊണ്ടും പ്രാർത്ഥിക്കും; ആത്മാവുകൊണ്ടു പാടും; ബുദ്ധികൊണ്ടും പാടും.''

അന്യഭാഷയിൽ പ്രാർത്ഥിക്കാമോ? പ്രാർത്ഥിക്കാം. അന്യഭാഷയിൽ പാടാമോ? പാടാം. പക്ഷേ ഇതൊന്നും സഭയിൽ നടക്കേണ്ട കാര്യമല്ല. സംശയമുള്ളവർ ആ അദ്ധ്യായം മുഴുവൻ നോക്കുക. സഭയിൽ വരുമ്പോൾ മറ്റുള്ളവർക്കു മനസ്സിലാകുന്ന ഭാഷ പറയുക. അന്യഭാഷ പറഞ്ഞേ മതിയാകൂ എന്നുണ്ടെങ്കിൽ മറ്റാർക്കും ശല്യമുണ്ടാകാത്തത്ര ശബ്ദം കുറച്ച് പറയുക. അതുപോലെ സഭയിലിരുന്ന് അന്യഭാഷയിൽ പാടുന്നത് ഒഴിവാക്കുക. പാടിയേ തീരൂ എന്നുണ്ടെങ്കിൽ മറ്റാരും കേൾക്കാത്തത്ര ശബ്ദം കുറച്ച് പാടുക. പാസ്റ്റർ അന്യഭാഷയിൽ പാടുകയും അർത്ഥം മനസ്സിലാക്കാതെ വിശ്വാസികൾ കൈയ്യടിക്കുകയും ചെയ്യുന്നത് ദൈവവചനത്തിലുള്ള കാര്യമല്ല.

4. ആത്മാവുള്ളിടത്ത് ആത്മീയ കോലാഹലമുണ്ട് എന്നു പാട്ടുപാടുന്നതു ശരിയാണോ?

■ ആത്മാവുള്ളിടത്ത് ആത്മീയകോലാഹലമുണ്ട് എന്നൊരു വാക്യം ഉള്ളതായി അറിവില്ല. ആത്മീയ കോലാഹലം എന്നൊരു കോലാഹലവുമില്ല. പെന്തക്കോസ്ത് നാളിൽ സംഭവിച്ചത് കോലാഹലമായിരുന്നുമില്ല. വെറുതെ കോലാഹലമുണ്ടാക്കിയിട്ട് ആത്മീയ കോലാഹലമാണെന്നു പറയുന്നത് അംഗീകരിക്കാനാവില്ല.

5. ഈ പാസ്റ്റർ ഒരിടത്ത് അടങ്ങിനിന്ന് വചനം പറയുന്നില്ല. സ്റ്റേജിലൂടെ ഓടിനടന്നാണ് പ്രസംഗം.

■ അടുത്തകാലത്തായി പ്രസംഗകരെ ബാധിച്ചിരിക്കുന്ന ഒരു മാനസികരോഗമാണ് ഈ ഓട്ടം. തങ്ങൾ വലിയ ആത്മീയരാണെന്ന് പൊതുജനത്തെ ധരിപ്പിക്കാനും ആകെക്കൂടി ഒരു ഓളമുണ്ടാക്കാനും മറ്റുമാണ് ഇങ്ങനെ ചെയ്യുന്നത്. തികച്ചും അനാവശ്യമായ ഒരു നടപടിയാണിത്. ദൈവവചനം പഠിക്കാതെ പാസ്റ്റർമാരായവർക്ക് പ്രസംഗിക്കാൻ ഏറെയൊന്നും കൈമുതലായില്ല. അതുകൊണ്ട് ആകെക്കൂടി ഒരു ബഹളമുണ്ടാക്കി തടിതപ്പുകയാണ്.

ഒന്നെങ്കിൽ ആശാന്റെ നെഞ്ചത്ത്, അല്ലെങ്കിൽ കളരിക്കു പുറത്ത് എന്നു പറഞ്ഞതുപോലെയാണ് കാര്യങ്ങൾ. ബ്രദറുകാരേപ്പോലുള്ളവർ ദൈവവചനത്തിലുള്ളതുപോലും അംഗീകരിക്കില്ല. പെന്തക്കോസ്തിലെ കുറെ ഉണർവ്വുകാർക്ക് എന്തുമാകാം. ദൈവവചനത്തിൽ അടിസ്ഥാനമുണ്ടോ എന്നൊന്നും നോക്കുകയില്ല. വിശ്വാസികളിൽ ഭൂരിപക്ഷത്തിനും വചനം അറിഞ്ഞുകൂടാത്തതുകൊണ്ട് എതിർപ്പുണ്ടാകുന്നുമില്ല.

ഇതൊക്കെ കണ്ടും കേട്ടും ബ്രെയ്ൻ വാഷ്ഡ് ആയിക്കഴിഞ്ഞു നമ്മൾ. അതുകൊണ്ട് ആത്മീയതയുടെ മറവിൽ എന്തു നടന്നാലും നാം പ്രതികരിക്കയില്ല. ഊതിവീഴ്ത്ത്, ഉന്തിവീഴ്ത്ത്, വിശുദ്ധ ചിരി, വിശുദ്ധ കുര, ആത്മീയചാട്ടം, വിശുദ്ധ ഛർദ്ദി തുടങ്ങി എന്തെല്ലാം അസംബന്ധങ്ങളാണ് ദൈവാത്മാവിന്റേതെന്ന വ്യാജേന നടക്കുന്നത്. ഇതിനൊന്നും ദൈവവചനത്തിൽ ആധാരമില്ല. ഇവയൊക്കെ മാനുഷികമോ സാത്താന്യമോ ആണ്. ഇത്തരം വിഡ്ഢികളുടെ വലയിൽപ്പെട്ട് വഴിതെറ്റിയവർ നിരവധിയുണ്ട്. ആകയാൽ ദൈവമക്കൾ ഏറെ സൂക്ഷിക്കേണ്ടിയിരിക്കുന്നു.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുറിയർ/ സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# യേശുവില്ലാത്ത പ്രസംഗങ്ങൾ

**ജയ്മോഹൻ അതിരുങ്കൽ**

(ചില മാസങ്ങൾക്കു മുൻപ് ഈ ലേഖനം ഞാൻ മറ്റൊരു പത്രത്തിന് അയച്ചുകൊടുത്തിരുന്നു. എന്തുകൊണ്ടോ അവരിത് പ്രസിദ്ധീകരിച്ചില്ല. ലേഖനത്തിന്റെ ഫോട്ടോസ്റ്റാറ്റ് കൈവശമുണ്ടായിരുന്നതുകൊണ്ട് ഈ ലേഖനം നഷ്ടമായില്ല).






തിരുവനന്തപുരത്തുള്ള ഒരു വലിയ സഭയാണു രംഗം. സഭായോഗത്തിനു ഞാൻ അവിടെ പോയി. പാട്ടും പ്രാർത്ഥനയും സങ്കീർത്തനം വായനയും കഴിഞ്ഞ് പാസ്റ്റർ പ്രബോധിപ്പിക്കയാണ്. ദാവീദാണ് വിഷയം. അര മണിക്കൂർ അങ്ങനെ കഴിഞ്ഞു. പിന്നെ സാക്ഷ്യവും സ്തോത്രക്കാഴ്ചയുമായിരുന്നു. അതിനു ശേഷം പാസ്റ്റർ നടത്തിയ പ്രസംഗവും ദാവീദിനേക്കുറിച്ചായിരുന്നു. അങ്ങനെ ദാവീദിന്റെ കഥ കഴിച്ചു. കർത്താവിനേക്കുറിച്ച് ഒരക്ഷരം പറഞ്ഞില്ല.

മറ്റൊരു പട്ടണത്തിലെ സഭയിലും ഞാൻ ഒരു സഭായോഗത്തിൽ സംബന്ധിച്ചു. 21 ദിവസത്തെ ഉപവാസ പ്രാർത്ഥന അവസാനിക്കുന്ന ദിവസമായിരുന്നു. അതുകൊണ്ട് രക്ഷിക്കപ്പെടാത്തവർപോലും ഈ യോഗത്തിൽ സംബന്ധിച്ചിരുന്നു. പന്തലിൽ, മൈക്കും വച്ചായിരുന്നു ആരാധന. പാട്ടുകളുടെ അവസാനം സ്പീഡ് കൂട്ടി അന്യഭാഷയാക്കി ഉണർവ്വുണ്ടാക്കി. ആകെ ബഹളം. ആരെങ്കിലും ഓടിവരുമോ എന്നായി എന്റെ ഭയം. രക്ഷിക്കപ്പെടാത്ത മൈക്കുകാരൻ പയ്യൻ ആംപ്ലിഫയർ കരിയുമോ എന്ന ഭയത്തോടെ തലക്ക് കൈയ്യും കൊടുത്തിരിക്കുന്നു. എല്ലാം ഒന്നു ശമിച്ചപ്പോൾ സങ്കീർത്തനം വായിച്ചു. പിന്നീട് ദാവീദിലേക്കു കടന്നു. ദാവീദ്, ശത്രു, ജയം ... ആകെ കോലാഹലം. കർത്താവിനേക്കുറിച്ച് മിണ്ടിയതേയില്ല.

ഇവ ഒറ്റപ്പെട്ട സംഭവങ്ങളല്ല. എല്ലാ സഭായോഗത്തിലും ഇതുതന്നെയാണ് നടക്കുന്നത്. പഴയനിയമത്തിലെ വീരൻമാർ ശത്രുക്കളെ വകവരുത്തിയതും ഏലിയാവിന് കാക്ക ആഹാരം കൊടുത്തതും യിസ്രായേൽ ജനം ചെങ്കടൽ കടന്നതും ഒക്കെയാണ് എന്നും പ്രസംഗിക്കുന്നത്. പുതിയ നിയമത്തിൽ നിന്നുള്ള പ്രസംഗം വളരെ അപൂർവ്വം.

പഴയനിയമം എന്ന പേരിൽ നിന്നുതന്നെ അത് പഴയതാണെന്ന് തെളിയുന്നു. അത് നിഴലായിരുന്നു. ദൃഷ്ടാന്തങ്ങളായിരുന്നു. ശത്രുവിനെ നിഗ്രഹിക്കുന്ന, കൊല്ലുന്ന, പ്രമാണമാണത്. ഇത് പുതിയനിയമ ഉപദേശവുമായി ഒരുവിധത്തിലും പൊരുത്തപ്പെടുകയില്ല. പുതിയനിയമ വിശ്വാസിക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല എന്ന വസ്തുത നാം വിസ്മരിക്കുന്നു. പഴയനിയമം നിരന്തരം കേൾക്കുന്ന വിശ്വാസികൾ ദാവീദിനേപ്പോലെ പ്രതികാരചിന്തയുള്ളവരാകുന്നതിൽ അത്ഭുതമില്ല. ദാവീദ് ഗോല്യാത്തിനെ കൊന്നതും ശലോമോനെക്കൊണ്ട് യോവാബിനെയും ശിമെയിയെയും കൊല്ലിച്ചതും മറ്റും അനുകരണീയമായ മാതൃകയായി വിശ്വാസികൾ സ്വീകരിക്കുന്നു. അവരേപ്പോലെയാകുവാൻ ജനം കൊതിക്കുന്നു.




പഴയനിയമത്തിലെ ഒരു കഥാപാത്രത്തേയുമല്ല നാം മാതൃകയാക്കേണ്ടത്. നമുക്കു പിൻതുടരുവാൻ മാതൃക വച്ചിട്ടുപോയ കർത്താവായ യേശുക്രിസ്തുവാണ് നമ്മുടെ മാതൃകാപുരുഷൻ. യേശുവിനെയാണ് നാം ശ്രദ്ധിച്ചു നോക്കേണ്ടത്. ലോകരക്ഷകനായ യേശുവിനെയാണ് നാം പ്രസംഗിക്കേണ്ടത്. യേശുവിന്റെ വചനങ്ങളാണ് നാം വ്യാഖ്യാനിക്കേണ്ടത്. പുതിയനിയമത്തിലെ ലേഖനങ്ങളിൽ നിന്നാണ് ഉപദേശം കൈക്കൊള്ളേണ്ടത്.

ശാപസങ്കീർത്തനങ്ങൾ കഴിവതും ഒഴിവാക്കേണ്ടതാണ്. ഒഴിവാക്കാൻ കഴിയാത്ത സന്ദർഭത്തിൽ ആവശ്യമായ വിശദീകരണം സഹിതം അവ വ്യാഖ്യാനിക്കണം. പഴയനിയമത്തിലെ വാഗ്ദത്തങ്ങൾ പുതിയനിയമവിശ്വാസി അക്ഷരാർത്ഥത്തിൽ എടുത്താൽ അബദ്ധമാകും. അവയെല്ലാം ആത്മീയാർത്ഥത്തിൽ മാത്രം എടുക്കേണ്ടതാണ്. രക്ഷിക്കപ്പെടാത്തവർ ഉള്ള സദസ്സിൽ പ്രസംഗിക്കുമ്പോൾ അവർക്കുകൂടി മനസ്സിലാകുന്ന വിധത്തിൽ പ്രസംഗിക്കണം. രക്ഷയുടെ ദൂത് കൊടുക്കണം.

ഇത്രയുമെഴുതിയതുകൊണ്ട് പഴയനിയമത്തിൽ നിന്ന് പ്രസംഗിക്കരുതെന്നോ സങ്കീർത്തനങ്ങൾ വായിക്കരുതെന്നോ അർത്ഥമാക്കരുത്. പഴയനിയമവും ദൈവവചനത്തിന്റെ ഭാഗമാണ്. പക്ഷേ വീണ്ടുംജനനം പ്രാപിച്ച ദൈവമക്കൾക്ക് അനുസരിക്കാനുള്ള നിയമങ്ങൾ പുതിയനിയമത്തിലാണുള്ളത്. അതുകൊണ്ട് പുതിയനിയമത്തിന്റെ നിഴൽ എന്ന നിലയ്ക്ക് പഴയനിയമം വ്യാഖ്യാനിക്കണം. മാത്രമല്ല, കർത്താവായ യേശുക്രിസ്തുവിനെ മറന്നിട്ട് മറ്റു കഥാപാത്രങ്ങളേക്കുറിച്ചു കൂടുതൽ പ്രസംഗിക്കുന്നത് ശരിയല്ല. മറ്റാരേക്കുറിച്ചു പ്രസംഗിച്ചില്ലെങ്കിലും കർത്താവിനേക്കുറിച്ചു പ്രസംഗിക്കണം. കർത്താവിനെ ഉയർത്താതെയുള്ള പ്രസംഗങ്ങൾ നിഷ്ഫലമാണ്. ശ്രോതാക്കളാരെന്നു മനസ്സിലാക്കി അവർക്കു മനസ്സിലാകുന്നതും പ്രയോജനപ്പെടുന്നതുമായ വിധത്തിൽ പ്രസംഗിക്കണം. പഴയനിയമത്തിന് ആവശ്യത്തിലധികം പ്രാധാന്യം കൊടുക്കുന്നത് ശരിയായ നടപടിയല്ല.



# തിരുവല്ല സെന്ററിൽ സ്ഥിരം സെക്രട്ടറി

സർവ്വശക്തനായ കെ.സി.ജോൺ സെന്റർ പാസ്റ്ററായിരിക്കുന്ന തിരുവല്ല സെന്ററിന്റെ ഗതികേട് ഒന്നുവേറെതന്നെയാണ്. ഒരു സാക്ഷാൽ സെന്റർ പാസ്റ്ററും രണ്ട് ചോട്ടാ സെന്റർ പാസ്റ്റർമാരും ഉണ്ടെങ്കിലും സെക്രട്ടറിയില്ല. അഥവാ, ഉണ്ടെങ്കിലും ഇല്ലാത്ത സ്ഥിതിയാണ്. ആറു വർഷം മുൻപ് കെ.പി.കുര്യൻ സെന്റർ സെക്രട്ടറിയായതോടെയാണ് ഈ സ്ഥിതിയുണ്ടായത്. അക്കാലത്ത് കുര്യൻ ഏവരുടേയും കണ്ണിൽ ഉണ്ണിയും രത്നവും ഒക്കെയായിരുന്നു. അങ്ങനെ കുര്യൻ സർവ്വ പ്രതാപത്തോടെയും വാണരുളി. പക്ഷേ ഈ മധുവിധു ഏറെക്കാലം നീണ്ടുനിന്നില്ല. ഇപ്പോൾ കുര്യൻ ഏവരുടേയും കണ്ണിലെ കരടാണ്. പക്ഷേ വിട്ടാലും വിടാത്ത കമ്പിളിക്കെട്ടുപോലെ കുര്യൻ സെക്രട്ടറിയുടെ കസേരയിൽ ഉറച്ചിരിക്കുന്നു. ഇളക്കി മാറ്റാൻ ശ്രമിച്ചിട്ട് നടക്കുന്നില്ല. അതീവ രഹസ്യമായി കുര്യനെ മാറ്റാനും പുതിയൊരു സെക്രട്ടറിയെ തെരഞ്ഞെടുക്കാനും കെ.സി.ജോൺ ഈയിടെ നടത്തിയ ശ്രമവും പാളി. കുര്യൻ ഇപ്പോഴും സെക്രട്ടറിതന്നെ.

കെ.സി.ജോണിന് എന്തുകൊണ്ടാണ് കെ.പി.കുര്യനെതിരെ നടപടിയെടുക്കാൻ ധൈര്യമില്ലാത്തത്. ആ രഹസ്യം പറയാം: കെ.സി. ജോൺ ഒരു പാസ്റ്ററുടെ ഭാര്യയുമായി അവിഹിതബന്ധം പുലർത്തിയ കാര്യം ഭർത്താവായ പാസ്റ്റർ സ്വന്തം കൈപ്പടയിൽ കുര്യന് എഴുതി കൊടുത്തിട്ടുണ്ട്. ആ കടലാസ് ഇപ്പോഴും കുര്യന്റെ കൈവശം ഭദ്രമായിരിക്കുന്നു. അത് പുറത്തായാൽ കെ.സി.ജോണിന്റെ സ്ഥിതി പരമദയനീയമാകും. അതുകൊണ്ടാണ് കെ.പി.കുര്യനെതിരെ ഒരുവിധത്തിലുള്ള നടപടിയും എടുക്കാൻ കെ.സി.ജോണിന് ധൈര്യമില്ലാത്തത്.

## മദിരാശികളുടെ സുഖം എന്താണാവോ?

ഇപ്പോൾ ചെന്നൈ എന്ന് അറിയപ്പെടുന്ന നഗരത്തിന്റെ പഴയ പേരാണ് മദ്രാസ് അല്ലെങ്കിൽ മദിരാശി എന്നത്. വലിയ നഗരമായതു കൊണ്ട് അവിടെ സുഖസൗകര്യങ്ങളൊക്കെ ഉണ്ടായിരിക്കാനും സാദ്ധ്യതയുണ്ട്. പക്ഷേ സൂസൻ ബി. ജോൺ സീയോൻ വോയ്സിന്റെ സെപ്റ്റംബർ ലക്കത്തിൽ എഴുതിയ ''സാത്താനാൽ വഞ്ചിക്കപ്പെട്ടവർ'' എന്ന കവിതയിലെ മദിരാശിയുടെ പ്രസക്തി മനസ്സിലാകുന്നില്ല.

മദ്യവും മദിരാശികളുടെ സുഖം,
പിന്നെ പകയും പിണക്കവും
അസൂയയും പൂണ്ട് .......

മദിരാശികളുടെ സുഖം എന്നതുകൊണ്ട് എന്താണാവോ അർത്ഥമാക്കുന്നത്. മദിരാശികൾ എന്നത് ബഹുവചനമായതുകൊണ്ട് മദ്രാസ് ആയിരിക്കാൻ ഇടയില്ല. പിന്നെ എന്താണിത്?

സൂസൻ ബി. ജോണിന് മോനായി കഴിഞ്ഞ വർഷവും ഈ വർഷവും കവിതയ്ക്കുള്ള അവാർഡ് കൊടുത്തപ്പോൾ ഇത്ര ഗംഭീരമായിരിക്കും കവിത എന്ന് കരുതിയില്ല. ചിന്തിച്ചതിലും നിനച്ചതിലും അധികമായി കവിത എഴുതുന്ന സൂസൻ ബി. ജോണിന് ഏതു വിധത്തിലുള്ള അവാർഡ് കൊടുത്താലും അധികമാകില്ല. (മോനായിക്ക് അഭിനന്ദനം)

# കെ.സി.ജോൺ ഇനിയെങ്കിലും ദുർന്നടപ്പവസാനിപ്പിക്കണം

വയസ്സ് അറുപത് കഴിഞ്ഞല്ലോ. വിരമിക്കാനുള്ള പ്രായമായി. അതുകൊണ്ട് കെ.സി. ജോൺ ഇനിയെങ്കിലും ദുർന്നടപ്പിൽ നിന്ന് വിരമിക്കണം. അണ്ണാൻ മൂത്താലും മരങ്കയറ്റം നിർത്തില്ലെന്ന് അറിയാതെയല്ല ഇങ്ങനെ പറയുന്നത്.

വളരെ ചെറുപ്പമായിരിക്കുമ്പോൾ തുടങ്ങിയതാണല്ലോ ഈ കലാപരിപാടി. മറ്റൊരുത്തന്റെ ഭാര്യയിൽ വ്യഭിചാരത്തിന്റെ ആദ്യാക്ഷരങ്ങൾ കുറിച്ച കെ.സി. ജോൺ പിന്നീട് ആ സ്ത്രീയുടെ മകളുമായി ദുർന്നടപ്പ് തുടങ്ങി. അമ്മയേയും മകളേയും ഒന്നുപോലെ ഭാര്യയാക്കിവെയ്ക്കാമെന്നുള്ള കണക്കുകൂട്ടലോടെ ആ മകളെ വിവാഹം കഴിച്ചു. പക്ഷേ കെ.സി.ജോണിന്റെ ഭാര്യയായതോടെ പ്രെയ്സിന്റെ സ്വഭാവം മാറി. അമ്മയെ വീട്ടിൽ കയറ്റുക പോലും ചെയ്യാതായി.

കെ.സി.ജോൺ പിന്നീട് വ്യഭിചാരം തൊഴിലാക്കി. ടി.എസ്. ഏബ്രഹാമിന്റെ മകളായ മേഴ്സിയുമായി അവിഹിതബന്ധം പുലർത്തിയതും മേഴ്സി ഗർഭിണിയായതും ഗർഭഛിദ്രം നടത്തിയതും മറ്റും ഇത്തരത്തിലുള്ള നിരവധി കഥകളിൽ ഒന്നുമാത്രം. ചാനലിലെ പെണ്ണുമായി ഈയിടെ ഹോട്ടലിൽ എത്തിയത് അവസാനത്തേതാകാനും സാദ്ധ്യതയില്ല. എങ്കിലും പറയട്ടേ, എന്തിനും ഒരു അവസാനമൊക്കെ വേണമല്ലോ.



ആകയാൽ ഷഷ്ടിപൂർത്തി കഴിഞ്ഞതുകൊണ്ട് ഇനിയെങ്കിലും വ്യഭിചാരം നിർത്തണം.

ഐ.പി.സി എന്നത് വിശുദ്ധൻമാരുടെ സംഘടനയല്ലെന്നറിയാം. ടി.എസ്.ഏബ്രഹാം എന്ന പരമ വ്യഭിചാരി പ്രസിഡന്റായിരുന്ന പ്രസ്ഥാനമാണല്ലോ അത്. മാത്രമല്ല, ആ മാന്യദേഹം ഇപ്പോഴും ഐ.പി.സിയുടെ തലപ്പത്തുതന്നെ ഉണ്ടല്ലോ. ഏതു കള്ളനും ഐ.പി.സിയുടെ പ്രസിഡന്റോ സെക്രട്ടറിയോ ഒക്കെ ആയിരിക്കുന്നതിന് ബുദ്ധിമുട്ടുമില്ല. എങ്കിലും കുറെ ദൈവമക്കളും വിശുദ്ധരായ ശുശ്രൂഷകൻമാരും ഐ.പി.സിയിലുണ്ട്. അതുകൊണ്ട് കെ.സി. ജോൺ അല്പമെങ്കിലും നന്നാകണം. കുറഞ്ഞ പക്ഷം വ്യഭിചാരം നിർത്താനെങ്കിലുമുള്ള മനസ്സുണ്ടാകണം.

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

ആറ്, ഏഴ് പേജുകളിൽ കാണുന്ന വാർത്തകൾ കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചവയാണ്. പത്തനംതിട്ട ജില്ലയിൽ കഴിഞ്ഞലക്കം ഡിഫെൻഡർ എത്താതെപോയതുകൊണ്ട് പത്തനംതിട്ട ജില്ലയുമായി ബന്ധപ്പെട്ട പ്രധാന വാർത്തകൾ വായനക്കാരുടെ അറിവിലേക്കായി പുന:പ്രസിദ്ധീകരിക്കയാണ്. മറ്റു ജില്ലകളിലെ വായനക്കാർ ദയവായി ക്ഷമിക്കുക.

# ജോർജ് ശാമുവലും തട്ടിപ്പുകാരനാണോ?

തിരുവല്ല ആസ്ഥാനമായി പ്രവർത്തിക്കുന്ന നവജീവോദയത്തിന് നേതൃത്വം കൊടുക്കുന്ന ജോർജ് ശാമുവൽ തട്ടിപ്പുകാരനാണോ? അല്ലെങ്കിൽ റീമയുടെ നേതൃത്വത്തിൽ നടന്ന അവാർഡ് തട്ടിപ്പിൽ ജോർജ് ശാമുവലിന്റെ പങ്കെന്ത്? ദയവായി വ്യക്തമാക്കണം.

സി.പി.മോനായിയുടെ റീമാ വാരിവിതറിയ 20 അവാർഡുകളിൽ ഒന്ന് ലഭിച്ച റെജി കെ. തോമസ് അവാർഡ് ജേതാക്കളെ കണ്ടെത്തിയ ജൂറിയിൽ ജോർജ് ശാമുവലും അംഗമായിരുന്നു എന്ന് സ്നേഹനാദത്തിൽ എഴുതിയിരിക്കുന്നു. സംഭവം ശരിയാണോ? ഇങ്ങനെ ചോദിക്കാൻ കാരണമുണ്ട്: മോനായി വിതറിയ 20 അവാർഡുകളിൽ ഒന്ന് ജോർജ് ശാമുവലിനാണ് ലഭിച്ചത്. അവാർഡ് ജേതാക്കളെ തിരഞ്ഞെടുത്ത ജൂറിയിൽ അംഗമായ ജോർജ് ശാമുവൽ തനിക്കും ഒരു അവാർഡ് ഇരിക്കട്ടെ എന്ന് തീരുമാനിച്ചോ? എങ്ങനെയാണ് ജൂറി അംഗമായ ജോർജ് ശാമുവലിന് അവാർഡ് കിട്ടിയത്? ദയവായി വിശദീകരിക്കണം. ജോർജ് ശാമുവൽ മാന്യനാണ് എന്ന ധാരണയാണ് ഇതുവരെ ഡിഫെൻഡറിനുള്ളത്. അത് ശരിയായ ധാരണയാണോ തെറ്റിദ്ധാരണയാണോ എന്ന് ഉറപ്പിക്കാൻ ഈ മറുപടി സഹായകമാകും.

# മത്തായിക്കുട്ടി മല്ലപ്പള്ളിയിലും ശുശ്രൂഷ നിവർത്തിച്ചു

മത്തായിക്കുട്ടിക്കെന്നും ഒരാഗ്രഹമേയുള്ളൂ: എങ്ങനെയെങ്കിലും ശുശ്രൂഷ നിവർത്തിക്കണം. ചില വർഷങ്ങൾക്കുമുൻപ് മത്തായിക്കുട്ടി മല്ലപ്പള്ളി മൂശാരിക്കവലയിലുള്ള ശാരോൻ സഭയിൽ ശുശ്രൂഷ നിവർത്തിച്ചു. അതേപ്പറ്റി മല്ലപ്പള്ളിയിൽ നിന്നും ഒരു പാസ്റ്റർ ഡിഫെൻഡറിനയച്ച കത്തിന്റെ പ്രസക്ത ഭാഗങ്ങൾ ഇതാ:

''ഡിഫെൻഡറിന്റെ ചില പഴയ ലക്കങ്ങൾ തികച്ചും യാദൃശ്ചികമായി കാണുവാൻ ഇടയായി. ഏകദേശം 15 വർഷം മുൻപ് ഞങ്ങളെ തകർത്തുകളഞ്ഞ ഒരു വ്യക്തിയേക്കുറിച്ച് ഡിഫെൻഡറിൽ വായിക്കാൻ ഇടയായത് അങ്ങനെയാണ്. 1993 ഏപ്രിൽ മാസത്തിൽ മല്ലപ്പള്ളി മൂശാരിക്കവല ശാരോനിൽ മൂന്നു ദിവസത്തെ ഉപവാസപ്രാർത്ഥന ഉണ്ടായിരുന്നു. കെ.എ.ഏബ്രഹാമിന്റെ അളിയനായ മത്തായിക്കുട്ടിയായിരുന്നു ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തത്. രാത്രി യോഗത്തിനുശേഷം വിശ്രമിക്കുവാൻ മത്തായിക്കുട്ടിയെ ശാരോൻ പാസ്റ്റർ ഞങ്ങളുടെ വീട്ടിലേക്കാണ് വിട്ടത്. എന്റെ മൂത്തമകന്റെ മുറിയിൽ എക്ട്രാ ഒരു കട്ടിൽ ഉണ്ടായിരുന്നതുകൊണ്ട് ആ മുറിയാണ് ഞങ്ങൾ മത്തായിക്കുട്ടിക്ക് ഉറങ്ങാനായി കൊടുത്തത്. വെളുപ്പിന് അഞ്ചു മണിക്ക് കുഞ്ഞ് ഞങ്ങളെ വിളിച്ചുണർത്തി മത്തായിക്കുട്ടിയെ ഉടൻ പറഞ്ഞുവിടണമെന്ന് ആവശ്യപ്പെട്ടു ബഹളം കൂട്ടി. കാര്യം അന്വേഷിച്ചപ്പോൾ സംഭവം എന്തെന്ന് കുഞ്ഞ് പറഞ്ഞു. ലൈറ്റ് ഓഫ് ചെയ്തപ്പോൾ മുതൽ വെളുപ്പിന് അഞ്ചുമണിവരെ എന്റെ മകനെ അയാൾ ഉറങ്ങാൻ പോലും അനുവദിക്കാതെ ബലമായി പിടിച്ചുവച്ച് പ്രകൃതിവിരുദ്ധബന്ധത്തിന് ഉപയോഗിക്കയായിരുന്നു. ചുരുക്കി പറയട്ടെ, ഈ സംഭവത്തോടെ എന്റെ കുഞ്ഞ് ആത്മീയമായി തകർന്നു. ഇന്നുവരെ സ്നാനപ്പെട്ടിട്ടുപോലുമില്ല. ഞങ്ങളുടെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായാണ് ഡിഫെൻഡറിൽ മത്തായിക്കുട്ടിയേക്കുറിച്ച് വാർത്തവന്നത്.''

ഈ കത്തെഴുതിയത് ഒരു പാസ്റ്ററാണെന്നോർക്കണം. സഭയുടെ ലറ്റർ പാഡിലാണ് കത്തെഴുതിയിരിക്കുന്നത്. (പേരും വിലാസവും തത്ക്കാലം വെളിപ്പെടുത്തുന്നില്ല). പറയൂ, ഇത് ഗൗരവമുള്ള പ്രശ്നമല്ലേ?

മത്തായിക്കുട്ടിയേക്കുറിച്ച് ഡിഫെൻഡർ എഴുതാൻ തുടങ്ങിയിട്ട് രണ്ടു വർഷത്തോളമായി. ഈ നീചൻ കാട്ടിക്കൂട്ടിയിട്ടുള്ള വൃത്തികേടുകളേക്കുറിച്ച് ഒട്ടേറെ റിപ്പോർട്ടുകൾ ഡിഫെൻഡറിന്റെ ഓഫീസിൽ ലഭിച്ചിട്ടുമുണ്ട്. ഇത്രയുമൊക്കെയായിട്ടും ഈ നീചന്റെ സഹോദരീഭർത്താവായ കെ.എ.ഏബ്രഹാമിനോ ഇയാളെ ഇപ്പോഴും ശുശ്രൂഷകനാക്കി വെച്ചുകൊണ്ടിരിക്കുന്ന എ.ജി.നേതൃത്വത്തിനോ അനക്കം വെച്ചിട്ടില്ല. ഇവരൊക്കെ ഒന്നാംതരം കള്ളൻമാരാണെന്ന് ഡിഫെൻഡർ പറയാൻ കാരണം ഇതൊക്കെത്തന്നെ.

മിണ്ടാതിരുന്നാൽ ഡിഫെൻഡർ ഈ പ്രശ്നം വിട്ടുകളയുമെന്നാണ് കെ.എ.ഏബ്രഹാമും എ.ജി.നേതൃത്വവും കരുതുന്നതെങ്കിൽ തെറ്റി. പ്രശ്നം കൂടുതൽ ഗുരുതരമാകാൻ പോകുകയാണ്. ഈ നീചൻ പാസ്റ്ററുടെ വേഷത്തിൽ നടക്കുന്നത് തടയാൻ ആവശ്യമായതെല്ലാം ഡിഫെൻഡർ ചെയ്യും. അപ്പോൾ കെ.എ.ഏബ്രഹാം, പി.എസ്.ഫിലിപ്പ്, ടി.ജെ. ശാമുവൽ തുടങ്ങിയവരും ബുദ്ധിമുട്ടിലാകും, തീർച്ച.

# ചുമ്മാഡോ ബാബു ജോർജിനെ വിശുദ്ധനായി പ്രഖ്യാപിക്കണം

ഒക്ടോബർ ലക്കം ക്രൈസ്തവചിന്തയുടെ അഞ്ചാം പേജിൽ ചുമ്മാഡോ ബാബു ജോർജിന്റെ അഭിമുഖവധം വായിച്ചു. സംഗതി അറു..ഭേഷായിരിക്കുന്നു എന്ന് സന്തോഷത്തോടെ അറിയിക്കട്ടെ. ഇത്ര വലിയ ഒരു വിശുദ്ധൻ ഈ ഭൂമിമലയാളത്തിൽ ജീവനോടെ ഇരിക്കുന്നു എന്ന് അറിയിച്ചതിൽ സന്തോഷം. ഏലിയാവിനേയും ഹാനോക്കിനേയും എടുത്തുകൊണ്ടുപോയതുപോലെ ഈ ചങ്ങാതിയെ കർത്താവ് ഇതുവരെ എടുത്തുകൊണ്ടു പോകാത്തതെന്ത് എന്നു മാത്രമേ ഇനി അറിയാനുള്ളൂ. ഇയാളെ ക്രൈസ്തവചിന്ത എത്രയും വേഗം വിശുദ്ധനായി പ്രഖ്യാപിക്കണം. അതിന് എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുണ്ടെങ്കിൽ കുറഞ്ഞപക്ഷം വാഴ്ത്തപ്പെട്ടവനായെങ്കിലും പ്രഖ്യാപിക്കണം. അതിൽ കുറഞ്ഞൊന്നും ബാബു ജോർജിന് ചേരില്ല.

ഈ വധം നടത്തിയ ഷാജൻ ജോൺ ഇടയ്ക്കാടിനോട് ഒരു ചോദ്യം: നിങ്ങൾക്ക് നാണമില്ലേ സഹോദരാ ഇങ്ങനെയൊക്കെ എഴുതിവെയ്ക്കാൻ? രാജഭരണം നിലനിന്നിരുന്ന കാലത്ത് രാജാക്കൻമാരെ വൈതാളികൾ ഇങ്ങനെയൊക്കെ പാടിപുകഴ്ത്തിയിരുന്നതായി അറിയാം. പക്ഷേ ഇന്ത്യയിൽ രാജഭരണം ഇല്ലാതായിട്ട് കാലം ഏറെയായി. എന്നിട്ടും വൈതാളികരുടെ കുറ്റിയറ്റിട്ടില്ല. എല്ലാ പത്രപ്രവർത്തകർക്കും ഷാജൻ അപമാനം വരുത്തിവെച്ചു എന്ന് പറയാതെവയ്യ.

# പ്രസംഗം സ്റ്റോക്കില്ല

പ്രസംഗത്തിന്റെ സ്റ്റോക്ക് തീർന്നുപോയാൽ പ്രസംഗകൻ എന്തുചെയ്യും? എന്തും ചെയ്തുപോകും. കെ.എ.ഏബ്രഹാമിന്റെ സ്ഥിതി ഇപ്പോൾ ഇതാണ്.

ഓരോ കൺവെൻഷൻ സീസണിലേക്കും നാലു പ്രസംഗങ്ങൾ വീതമാണ് ഈ ചങ്ങാതി ഉണ്ടാക്കുക. കഴിഞ്ഞ പതിനഞ്ച് കൊല്ലമായി പ്രസംഗിക്കുന്നു. ഈ പ്രസംഗങ്ങൾ പല കഷണങ്ങളായി മുറിച്ച് ചവറിൽ പ്രസംഗിച്ചു വരികയായിരുന്നു. അങ്ങനെ നൂറു കഷണത്തോളം ഉണ്ടാക്കി പ്രസംഗിച്ചു. അതോടെ സ്റ്റോക്ക് തീർന്നു. ഇപ്പോൾ വിഷയമില്ലാതായി. അതുകൊണ്ട് ഏതെങ്കിലും വിവരദോഷി അയച്ച കത്ത് വായിച്ചിട്ട് പ്രസംഗമെന്ന പേരിൽ എന്തൊക്കെയോ പറയുകയാണ്. പണ്ടേ ദുർബ്ബല, ഇപ്പോൾ ഗർഭിണിയും എന്നുപറഞ്ഞപോലായി.

# കെ.എ.ഏബ്രഹാമും പ്രകൃതിവിരുദ്ധനോ?

കെ.എ.ഏബ്രഹാം പ്രകൃതിവിരുദ്ധനാണോ? ആണെന്ന് ഡിഫെൻഡർ ബലമായി സംശയിക്കുന്നു. വെറുതെ സംശയിക്കയല്ല, തക്കതായ കാരണത്തോടെയാണ് സംശയിക്കുന്നത്.

കെ.എ.ഏബ്രഹാമിന്റെ സഹോദരിയുടെ ഭർത്താവും എ.ജിയിലെ പാസ്റ്ററുമായ മത്തായിക്കുട്ടി കുപ്രസിദ്ധനായ പ്രകൃതിവിരുദ്ധനാണ്. എ.ജിയുടെ പുനലൂർ ബൈബിൾ കോളേജിൽ പഠിച്ചിരുന്ന കാലത്ത് മത്തായിക്കുട്ടി സോദോമ്യ പാപത്തിന് പിടിയിലാകുകയും ഈ പാപത്തിന് കൂട്ടുകാരായ ചിലരോടൊപ്പം പുറത്താക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിൽക്കാലത്ത് എ.ജി നേതാക്കൻമാരായ പി.എസ്.ഫിലിപ്പ്, ടി.ജെ.ശാമുവൽ തുടങ്ങിയവർ ഈ മഹാപാപിയെ എ.ജിയിലെ ശുശ്രൂഷകനായി അംഗീകരിക്കയായിരുന്നു. എങ്ങനെയാണ് ഈ ഹീനകർമ്മം നടന്നതെന്ന് ഡിഫെൻഡർ അന്വേഷിച്ചുകൊണ്ടിരിക്കയാണ്. കൂടുതൽ വിവരങ്ങൾ ലഭിച്ചാൽ പ്രസിദ്ധീകരിക്കും.

മത്തായിക്കുട്ടിക്ക് സോദോമ്യപാപം ജീവിതത്തിന്റെ ഭാഗമാണ്. അത് ഒരു പാപമായി ഈ ചങ്ങാതി കണക്കാക്കുന്നുമില്ല. ഡൽഹിയിലെ റോഡിലൂടെ ബൈക്കിന്റെ പിന്നിലിരുന്ന് സഞ്ചരിക്കുമ്പോൾ മത്തായിക്കുട്ടി കാട്ടിക്കൂട്ടിയ വൃത്തികേട് ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. ഈ ലക്കം ഡിഫെൻഡറിലും ഇത്തരത്തിലുള്ള മറ്റൊരു വാർത്തയുണ്ട്. ഇത്ര നീചനായ മത്തായിക്കുട്ടിയേക്കുറിച്ച് എന്താണു പറയാനുള്ളതെന്ന് ഡിഫെൻഡർ പലവട്ടം ചോദിച്ചിട്ടും കെ.എ.ഏബ്രഹാമിന് മിണ്ടാട്ടമില്ല. അളിയൻമാരേക്കൊണ്ട് ഡിഫെൻഡർ ഓഫീസിലേക്കു വിളിപ്പിച്ച് ഭീഷണി മുഴക്കാനും കെ.എ.ഏബ്രഹാം തയ്യാറായി. എന്തുകൊണ്ടാണ് കെ.ഏ.ഏബ്രഹാം മത്തായിക്കുട്ടിയേക്കുറിച്ച് മിണ്ടാത്തത്?

പാപത്തിനെതിരേയും പാപികൾക്കെതിരേയും ഘോരഘോരം പ്രസംഗിക്കുന്ന ആളാണ് കെ.എ.ഏബ്രഹാം. പക്ഷേ സ്വന്തം അളിയൻ ഹീനമായ പാപം ചെയ്തിട്ടും മിണ്ടുന്നില്ല. എന്തുകൊണ്ട്? സഹോദരിയുടെ ഭർത്താവായതുകൊണ്ട് സ്നേഹം മൂലം പ്രതികരിക്കാത്തതാണ് എന്നത്രേ നാളിതുവരെ ഡിഫെൻഡർ കരുതിയിരുന്നത്. എന്നാൽ



അതല്ല സത്യമെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. മത്തായിക്കുട്ടിയുമായി കെ.എ.ഏബ്രഹാം പിണക്കത്തിലായിട്ട് രണ്ടുവർഷത്തോളമായി. അതുകൊണ്ട് സ്നേഹംമൂലമല്ല പ്രതികരണം ഒഴിവാക്കുന്നത്.

അങ്ങനെയെങ്കിൽ എന്താണ് കാരണം? അതേപ്പറ്റി ഡിഫെൻഡർ ചില അന്വേഷണങ്ങൾ നടത്തി. ഞെട്ടിക്കുന്ന വിവരങ്ങളാണ് ഡിഫെൻഡറിന് ലഭിച്ചത്. ഒന്നര പതിറ്റാണ്ടോളം മുൻപാണ് മത്തായിക്കുട്ടി കെ.എ.ഏബ്രഹാമിന്റെ സഹോദരിയെ വിവാഹം കഴിച്ചത്. അക്കാലത്ത് കെ.എ.ഏബ്രഹാമിന്റെ പ്രായം എത്രയായിരുന്നു എന്ന് ഊഹിക്കാവുന്നതാണ്. ഏതു പ്രായത്തിലുള്ള പുരുഷനോടും പ്രകൃതിവിരുദ്ധബന്ധത്തിൽ ഏർപ്പെടാൻ മത്തായിക്കുട്ടിക്ക് മടിയില്ല. ഏഴു വയസ്സുള്ള കുട്ടിയോടു മുതൽ 70 കഴിഞ്ഞ വൃദ്ധനോടുവരെ മത്തായിക്കുട്ടി ഈ വിധത്തിൽ പെരുമാറിയിട്ടുമുണ്ട്. അളിയനായ കെ.എ.ഏബ്രഹാമിനോടും മത്തായിക്കുട്ടി ഇതുതന്നെ ചെയ്തു. വർഷങ്ങളോളം ഈ ബന്ധം തുടർന്നു. കെ.എ.ഏബ്രഹാം വിവാഹിതനായതോടെ ഇതിനുള്ള അവസരം ലഭിക്കാതാകുകയും ഈ ബന്ധത്തിന് സ്വാഭാവികമായ അന്ത്യം സംഭവിക്കയും ചെയ്തു.

എന്നാൽ രണ്ടുവർഷം മുൻപ് മത്തായിക്കുട്ടിക്കെതിരെ ഡിഫെൻഡർ എഴുതിയപ്പോൾ കെ.എ.ഏബ്രഹാം മത്തായിക്കുട്ടിയുമായി പ്രശ്നത്തേക്കുറിച്ച് സംസാരിച്ചു. ടി.എസ്.ബാലനുമായി സംസാരിച്ച് പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ മത്തായിക്കുട്ടി വഴങ്ങിയില്ല. അങ്ങനെ കെ.എ.ഏബ്രഹാം മത്തായിക്കുട്ടിയുമായി വാക്കുതർക്കത്തിലേർപ്പെട്ടു. മത്തായിക്കുട്ടി ബാലനോട് തെറ്റ് ഏറ്റുപറഞ്ഞ് പരിഹാരം ഉണ്ടാക്കുന്നില്ലെങ്കിൽ കെ.എ.ഏബ്രഹാം തന്നെ മത്തായിക്കുട്ടി പ്രകൃതിവിരുദ്ധനാണെന്ന വസ്തുത ബാലനെ അറിയിക്കുമെന്ന് വ്യക്തമാക്കി. അതോടെ മത്തായിക്കുട്ടി ശരിക്കും ക്ഷോഭിച്ചു. മത്തായിക്കുട്ടി സോദോമ്യനാണെന്ന് കെ.എ.ഏബ്രഹാം ബാലനോട് പറഞ്ഞാൽ കെ.എ.ഏബ്രഹാമും ഈ പാപത്തിൽ പങ്കാളിയായിരുന്നു എന്ന വസ്തുത മത്തായിക്കുട്ടി പരസ്യപ്പെടുത്തും എന്ന് വ്യക്തമാക്കി. അതോടെ കെ.എ.ഏബ്രഹാമിന്റെ വായടഞ്ഞു. അന്നവർ പിണങ്ങിപ്പിരിഞ്ഞതാണ്. അതിനുശേഷം നാളിതുവരെ തമ്മിൽ സംസാരിച്ചിട്ടില്ല. മത്തായിക്കുട്ടി സോദോമ്യനാണെന്നോ അല്ലെന്നോ അറിഞ്ഞുകൂടെന്നോ പറയാനുള്ള ധൈര്യം കെ.എ.ഏബ്രഹാമിനില്ലാതായത് ഇങ്ങനെയാണ്. പ്രകൃതിവിരുദ്ധ പാപത്തിൽ ഏർപ്പെടുന്നവരെ ഒരുതരം ദുരാത്മാവ് ബാധിക്കും. ഇവർ പിന്നീട് മറ്റുള്ളവരേയും ഈ ഹീനമായ പാപത്തിൽ വീഴ്ത്തും. ഇത്തരത്തിലുള്ള ഒരു ദുരാത്മാവ് ബാധിച്ച വ്യക്തിയാണ് മത്തായിക്കുട്ടി. ഇയാളുടെ അളിയനായ കെ.എ.ഏബ്രഹാമിന്റെ ഉള്ളിലും ഈ അശുദ്ധാത്മാവുണ്ട്. ദൈവജനം സൂക്ഷിക്കുക.

# നൂറുപ്രസംഗങ്ങൾ: ഉള്ളടക്കവും മറ്റു വിവരങ്ങളും

"പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ" എന്നത് പുതിയനിയമത്തിൽ നിന്നുള്ള വാക്യങ്ങളെ ആസ്പദമാക്കിയുള്ള പ്രസംഗങ്ങളാണ്. പ്രസംഗം എന്നു പറയുമ്പോൾ വാക്യം വായിച്ച്, വാലും തലയുമില്ലാതെ എന്തെങ്കിലുമൊക്കെ അലറുകയാണെന്ന് ധരിക്കരുത്. സാധാരണ പ്രസംഗങ്ങളുടെ അവിഭാജ്യ ഘടകങ്ങളായ അലറൽ, നിലത്തു ചവിട്ടൽ, മേശയിലടി തുടങ്ങിയവയൊന്നും ഈ പ്രസംഗങ്ങളിലില്ല. വായിക്കുന്ന വേദഭാഗത്തെ ആസ്പദമാക്കി തിരുവചന സത്യങ്ങൾ കഴിയുന്നത്ര ലളിതമായ ഭാഷയിൽ വിശദീകരിക്കയാണ് ചെയ്യുന്നത്.

പഴയനിയമവും പുതിയനിയമവും തമ്മിലുള്ള വ്യത്യാസം ഭൂരിപക്ഷം വിശ്വാസികൾക്കും അറിഞ്ഞുകൂടാ. ശുശ്രൂഷകൻമാരുടെ സ്ഥിതിയും മറിച്ചല്ല. പത്തു കല്പനകൾ ഉൾപ്പെടെയുള്ള ന്യായപ്രമാണം നീക്കപ്പെട്ട വിവരവും ഇവർ അറിഞ്ഞിട്ടില്ല. അതുകൊണ്ട് ന്യായപ്രമാണത്തിലെ കല്പനകളെല്ലാം ഇന്നും അനുസരിക്കണം എന്നാണ് മിക്കവരും ധരിച്ചുവെച്ചിരിക്കുന്നത്. പഴയനിയമത്തിലെ ഒരു കല്പനയും പുതിയനിയമവിശ്വാസി അനുസരിക്കേണ്ടതില്ലെന്നും പുതിയനിയമത്തിലുള്ള കല്പനകൾ മാത്രം അനുസരിച്ചാൽ മതിയെന്നും കാര്യകാരണസഹിതം ഈ സി.ഡികളിൽ വിശദീകരിച്ചിട്ടുണ്ട്.

കർത്താവായ യേശു ക്രിസ്തു പറഞ്ഞ ഉപമകളിൽ പ്രധാനപ്പെട്ടവ വിശദീകരിക്കുന്നുണ്ട്. നല്ല ശമര്യാക്കാരനെ യേശുക്രിസ്തുവാക്കുന്നവരും മുടിയൻപുത്രനെ രക്ഷയെന്ന അങ്കി അണിയിക്കുന്നവരും യേശു ക്രിസ്തുവിന് പത്തു മണവാട്ടിമാരെ ഉണ്ടാക്കിക്കൊടുക്കുന്നവരും മറ്റും ദയവായി ഈ പ്രസംഗങ്ങൾ കേൾക്കണം. ഉപമകൾക്ക് ഇല്ലാത്ത അർത്ഥം കൊടുത്ത് അനർത്ഥം ഉണ്ടാക്കുന്നത് ഒഴിവാക്കാനും ഈ സി.ഡികൾ സഹായകമാകും.

പുതിയനിയമകാലത്തെ ജനങ്ങളുടെ വിശ്വാസാചാരങ്ങളേക്കുറിച്ച് വേണ്ടത്ര അറിവില്ലാതെ പുതിയനിയമം വ്യാഖ്യാനിക്കാനാവില്ല. അതുകൊണ്ട് ലോഗോസ്, അജ്ഞാതദേവൻ, ജ്ഞാനമെന്ന് വ്യാജമായി പേർപറയുന്ന തത്ത്വശാസ്ത്രം തുടങ്ങിയവയേക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. ഒന്നാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന ദുരുപദേശങ്ങൾ, വേദവിപരീതങ്ങൾ തുടങ്ങിയവയും പഠനവിധേയമാക്കുന്നു.

ഭൂരിപക്ഷം പ്രസംഗകരും പഴയനിയമത്തിൽ നിന്നാണ് പ്രസംഗിക്കുന്നത്. ദാവീദാണ് നല്ലൊരുപങ്ക് പ്രസംഗങ്ങളുടേയും വിഷയം. കർത്താവായ യേശുക്രിസ്തുവിനുപോലും ഇത്ര പ്രാധാന്യം ലഭിക്കുന്നില്ല. അബ്രാഹാം, മോശെ, ഏലിയാവ് എന്നിവർകൂടി ആകുമ്പോൾ പ്രസംഗത്തിന്റെ 90% ആയി. പഴയനിയമത്തിൽ നിന്ന് കഥകൾ വ്യാഖ്യാനിക്കാൻ കാര്യമായ അറിവു വേണമെന്നില്ല. നിഴലും പൊരുളും എന്ന വ്യാജേന വായിൽ തോന്നിയത് പറഞ്ഞാൽ മതി. ശ്രോതാക്കൾക്ക് വേണ്ടത്ര വചനപരിജ്ഞാനമില്ലാത്തതുകൊണ്ട് പ്രശ്നം ഉണ്ടാകുന്നുമില്ല. ഈ സ്ഥിതിക്ക് ഭേദം വരുത്താൻ ദൈവദാസൻമാരെ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് "പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ" തയ്യാറാക്കിയിട്ടുള്ളത്.

# പ്രഭാതധ്യാനം: എന്ത്? എന്തിന്?

പ്രഭാതധ്യാനം എന്നു കേൾക്കുമ്പോൾ എന്നും രാവിലെ പത്മാസനത്തിലിരുന്ന് കണ്ണും പൂട്ടി ധ്യാനിക്കാനുള്ള എന്തോ പദ്ധതിയാണെന്ന് തോന്നാം. അതുകൊണ്ട് ഈ സി.ഡികളേക്കുറിച്ച് അല്പം വിശദീകരിക്കാം:

എല്ലാ ദിവസവും ദൈവവചന പഠനത്തോടെ ആരംഭിക്കാനുള്ള പദ്ധതിയാണിത്. ഏകദേശം 15-20 മിനിട്ട് ദൈർഘ്യമുള്ള ചെറിയ ക്ലാസ്സുകളാണ് ഈ സി.ഡികളിൽ ഉണ്ടാകുക. മാസത്തിൽ ഒന്ന് എന്ന ക്രമത്തിൽ ആകെ 12 സി.ഡികൾ ഉണ്ടാകും. ഓരോ മാസത്തിലേയും ദിവസങ്ങളുടെ എണ്ണത്തിനനുസരിച്ചാകും ക്ലാസ്സുകളുടെ എണ്ണം. ഉദാഹരണത്തിന്, ജനുവരി മാസത്തേക്കുള്ള സി.ഡിയിൽ 31 ക്ലാസ്സുകൾ ഉണ്ടാകും. ഫെബ്രുവരിയിൽ 29. മാർച്ചിൽ 31 എന്നിങ്ങനെ. 2008ലേക്കുള്ള 12 സി.ഡികൾ ഡിസംബർ അവസാനത്തോടെ പുറത്തിറങ്ങും.

പ്രഭാതധ്യാനം എന്നാണ് പേരെങ്കിലും വെറും ധ്യാനപ്രസംഗങ്ങളായിരിക്കില്ല ഉള്ളടക്കം. 2008ലെ സി.ഡികളിൽ ലൂക്കോസിന്റെ സുവിശേഷം, പ്രവൃത്തികളുടെ പുസ്തകം, ചില ലേഖനങ്ങൾ എന്നിവ ക്രമമായി പഠനവിധേയമാക്കാനാണ് ഉദ്ദേശ്യം. ഒരു വാക്യം പോലും വിട്ടുകളയാതെ വിശദമായി പഠിക്കുന്നതാണ്. നാലു വർഷംകൊണ്ട് പുതിയനിയമം മുഴുവനും ഇങ്ങനെ പഠിച്ചു തീർക്കാനാകും. അതു കഴിഞ്ഞ് പഴയ നിയമത്തിലേക്ക് കടക്കും. (ആഗ്രഹം പറഞ്ഞതാണ്. ദൈവം ആയുസ്സ് നീട്ടിത്തന്നാൽ മാത്രമേ ഇതൊക്കെ നടക്കൂ).

ഒരു സ്തുതിഗീതത്തോടെ ആരംഭിച്ചശേഷം പഠനത്തിനുള്ള വേദഭാഗം വായിക്കും. ഏകദേശം 15 മിനിട്ട് ദൈർഘ്യമുള്ള പഠനം കഴിഞ്ഞ് പ്രാർത്ഥിച്ച് ഒരു പാട്ടോടെ ധ്യാനം അവസാനിക്കും. എല്ലാ ദിവസവും പ്രഭാതത്തിൽ കേൾക്കാനായാണ് ക്ലാസ്സ് ക്രമീകരിച്ചിരിക്കുന്നതെങ്കിലും ശ്രോതാക്കൾക്ക് തങ്ങളുടെ സമയവും സൗകര്യവും അനുസരിച്ച് ഏതു സമയത്തും സി.ഡി ഉപയോഗിക്കാവുന്നതാണ്. ഒരു ദിവസം ഒരു ക്ലാസ്സ് മാത്രമേ കേൾക്കാവൂ എന്നുമില്ല.

ദൈവവചനം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്ന ഏവർക്കും പ്രയോജനം ചെയ്യത്തക്കവിധമാണ് ഈ സി.ഡികളിലെ ഉള്ളടക്കം ക്രമീകരിച്ചിരിക്കുന്നത്. ബൈബിൾ സ്കൂൾ അധ്യാപകർ, സഭാശുശ്രൂഷകൻമാർ, പ്രസംഗകർ തുടങ്ങി ഏവർക്കും ഉപയുക്തം.

ഈ ക്ലാസ്സുകൾ ഇന്റർനെറ്റിൽ ജനുവരി ഒന്നു മുതൽ തികച്ചും സൗജന്യമായി ലഭിക്കും. എങ്കിലും ബ്രോഡ് ബാന്റ് ഇന്റർനെറ്റ് ഇല്ലാത്തവർക്ക് ഇന്റർനെറ്റിൽ നിന്ന് ക്ലാസ്സ് കേൾക്കാൻ ബുദ്ധിമുട്ടായിരിക്കും. അതുകൊണ്ട് ഈ ക്ലാസ്സുകൾ സി.ഡിയിലും ലഭിക്കുന്നതാണ്. 12 സി.ഡികളുടെ മുഖവില 1200 രൂപയാണ്. എന്നാൽ ഇപ്പോൾ പണമടയ്ക്കുന്നവർ 800 രൂപ നൽകിയാൽ മതിയാകും. ഡിസംബർ അവസാന ആഴ്ചയിൽ സി.ഡികൾ നിങ്ങളുടെ കൈകളിലെത്തും. (വിലാസവും മറ്റും ഒന്നാം പേജിൽ).



RNI No. 68089 / 97
2007 November 1

# THE DEFENDER

REGISTERED
KL/ALY/0031/2006-08




# പേടിപ്പിച്ചല്ലോ മോനായീ

അഞ്ചുലക്ഷം വായനക്കാരുള്ള പത്രത്തിന്റെ ചീഫ് എഡിറ്ററായ സി.പി.മോനായി ഈയിടെ റ്റി.എസ്.ബാലനെന്ന ഈയുള്ളവനെ ശരിക്കൊന്നു പേടിപ്പിച്ചു. സുഭാഷിതത്തിന്റെ ഒക്ടോബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച ചില വാർത്തകളാണ് പണിപറ്റിച്ചത്. സംഭവം ഇപ്പടി:

സുഭാഷിതത്തിന്റെ ആദ്യ പേജിൽ ''അശ്ലീല സാഹിത്യ പ്രസിദ്ധീകരണങ്ങൾ കണ്ടുകെട്ടും: പ്രസ് രജിസ്ട്രാർ'' എന്നൊരു വാർത്തയുണ്ട്. ഡിഫെൻഡർ ശുദ്ധ അശ്ലീല പ്രസിദ്ധീകരണമാണെന്ന കാര്യത്തിൽ മോനായിക്ക് സംശയവുമില്ല. അപ്പോൾ ഡിഫെൻഡർ കണ്ടുകെട്ടുമെന്ന് തീർച്ച. (കാണാതെകെട്ടില്ല എന്നതുമാത്രമാണ് ഏക ആശ്വാസം).

''പത്രപ്രവർത്തകർക്ക് തടവുശിക്ഷ'' എന്നതാണ് മുഖപ്രസംഗത്തിന്റെ തലക്കെട്ട്. ഡിഫെൻഡറും ഒരു പത്രമാണ്. റ്റി.എസ്.ബാലൻ പത്രപ്രവർത്തകനുമാണ്. അതുകൊണ്ട് തടവ് ഉറപ്പ്. (തടവുമ്പോൾ അല്പം പിണ്ഡതൈലം ഉപയോഗിക്കണമെന്ന് ഒരപേക്ഷയുണ്ട്). പറഞ്ഞകാര്യം സത്യമാണെങ്കിൽ ശിക്ഷയില്ല എന്ന ഭാഗം വായിച്ചപ്പോഴാണ് ശ്വാസം നേരെവീണത്. ഡിഫെൻഡർ സത്യം മാത്രമേ പറയുന്നുള്ളൂ. അതുകൊണ്ട് പേടിക്കാനില്ല.

''രജിസ്റ്റേർഡ് പത്രങ്ങൾക്ക് പെരുമാറ്റച്ചട്ടം'' എന്ന ലേഖനവും പേടിപ്പിക്കുന്നതുതന്നെ. 2500 കോപ്പിയുള്ള പത്രത്തിന് അഞ്ചുലക്ഷം വായനക്കാരുണ്ടെന്നുപറഞ്ഞ് ജനവഞ്ചന നടത്തുന്നത് പെരുമാറ്റച്ചട്ടത്തിന് വിരുദ്ധമാണോ എന്ന് ലേഖനത്തിലില്ല.

''സാത്താൻ മാനസാന്തരപ്പെടുമോ'' എന്ന് മോനായി സംശയിക്കുന്നതു വായിച്ചാലും പേടിതോന്നും. സത്യമെന്ന വ്യാജേന പച്ചക്കളളം എഴുതിവിടുന്നവർക്കെതിരേയാണ് മോനായി രോഷം കൊള്ളുന്നത്. 2500 കോപ്പിയുള്ള പത്രത്തിന് അഞ്ചുലക്ഷം വായനക്കാരുണ്ടെന്നു പറയുന്നത് നേരിന്റെ നേർക്കാഴ്ചയാണെന്ന് മാലോകർക്കറിയാം. അതുകൊണ്ട് സാത്താനാരെന്ന് വിശേഷിച്ച് പറയേണ്ടതുമില്ല. ഇത്രയുമൊക്കെ വായിച്ചതോടെ ഈയുള്ളവൻ ഭയന്നു വിറച്ചു. കാൽമുട്ടുകൾ കൂട്ടിയടിച്ചു. തൊണ്ട വരണ്ടതുപോലെ തോന്നി. അതുകൊണ്ട് കുറച്ചധികം വെള്ളം കുടിക്കേണ്ടതായി വന്നു. വിറയൽ ഒട്ടൊക്കെ അടങ്ങിയപ്പോൾ പ്രശ്നത്തേക്കുറിച്ച് അല്പംകൂടി ആഴത്തിൽ ചിന്തിച്ചു. സത്യം പറയുന്നതിന് ശിക്ഷയില്ല എന്ന് മോനായിതന്നെ പറഞ്ഞിട്ടുണ്ട്. ഡിഫെൻഡർ സത്യം മാത്രമേ പറയുന്നുള്ളൂ. സത്യം പറയാൻ ധൈര്യമുണ്ടെന്നത് ശിക്ഷാർഹമായ കുറ്റവുമല്ല.

ടി.എസ്.ഏബ്രഹാം കുളത്തൂപ്പുഴക്കാരിയെ ഗർഭിണിയാക്കി, കെ.സി.ജോൺ സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ചു, ടി.ജി.കോശി ഗർഭഛിദ്രം നടത്തി, ഒരു ഐ.പി.സി. പാസ്റ്റർ സ്വന്തം ഭാര്യയെ സഭാനേതാവിന് കാഴ്ചവച്ച് ഗൾഫിലേക്ക് വിസ സംഘടിപ്പിച്ചു എന്നൊക്കെ എഴുതിയാൽ അശ്ലീലമാകുമോ? ഇല്ല. കാരണം, സത്യസന്ധമായ കാര്യങ്ങൾ കഴിയുന്നത്ര മാന്യമായ ഭാഷയിൽ പറയുന്നത് അശ്ലീലമല്ല. ഇങ്ങനെയൊക്കെ ആലോചിച്ചു വന്നപ്പോൾ വിറയൽ അശ്ശേഷം മാറി. മാത്രമല്ല, മോനായി പറയുന്ന വിഡ്ഢിത്തങ്ങൾ കേട്ട് വിറച്ചതിൽ ദു:ഖിക്കയും ചെയ്തു.

(മോനായിയോട് ഒരപേക്ഷ: ഇനി ഇത്തരം ഭീകരമായ വാർത്തകളും ലേഖനങ്ങളും എഴുതുന്നതിനു മുൻപ്, ''വെടിയേ-ഠോ'' എന്ന രീതിയിൽ ഒരു മുന്നറിയിപ്പു തരാൻ ദയയുണ്ടാകണം).


# നിങ്ങളുടെ വീട്ടിലും വേണ്ടേ ഒരു ബൈബിൾ സ്ക്കൂൾ?

## വിഷയവിവരം:

| C.D. 1 - അടിസ്ഥാന വേദോപദേശങ്ങൾ | C.D. 2 - കൾട്ടുകൾ | C.D. 3 - ആത്മലോകം | C.D. 4 - ദുരുപദേശങ്ങൾ | C.D. 5 - ലോക മതങ്ങൾ |
|---|---|---|---|---|
| 1. രക്ഷ | 1. കൾട്ടിന്റെ ലക്ഷണങ്ങൾ | 1. അദൃശ്യലോകം | 1. ഉപദേശവും ദുരുപദേശവും | 1. മതങ്ങളുടെ ഉത്ഭവം |
| 2. വിശ്വാസസ്നാനം | 2. യഹോവാസാക്ഷികൾ | 2. കൃപാവരങ്ങൾ 1 | 2. വിശ്വാസത്തിന്റെ ആധാരം | 2. ഹിന്ദുമതം 1 |
| 3. പരിശുദ്ധാത്മസ്നാനം | 3. ശാബതുകാർ | 3. കൃപാവരങ്ങൾ 2 | 3. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും | 3. ഹിന്ദുമതം 2 |
| 4. ആത്മീയ കൂട്ടായ്മ | 4. പത്തു കല്പനകൾ | 4. ആത്മവിവശത | 4. പൗരോഹിത്യം | 4. പ്രജാപതിപ്രശ്നം |
| 5. തിരുവത്താഴം | 5. ബ്രൻഹാമിസം | 5. ദൈവദൂതൻമാർ | 5. കൂദാശകൾ | 5. ഇസ്ലാംമതം |
| 6. ദൈവവചനം | 6. റ്റി.പി.എം. | 6. സാത്താന്യ തന്ത്രങ്ങൾ | 6. കന്യാമറിയം | 6. ബുദ്ധമതം |
| 7. പ്രാർത്ഥന | 7. ക്രിസ്റ്റാഡെൽഫിയൻസ്, ക്രിസ്ത്യൻ സയൻസ് | 7. ഭൂതബാധ 1 | 7. വിശുദ്ധൻമാർ | 7. ജൈനമതം |
| 8. വേർപാട് | 8. മൊർമോൺ, ഫാമിലി, യൂണിഫിക്കേഷൻ ചർച്ച് | 8. ഭൂതബാധ 2 | 8. സെന്റ് തോമസ് | 8. സിക്ക് മതം |
| 9. അനുഭവസാക്ഷ്യം | 9. ആത്മാവ്, നരകം | 9. ഒക്കൾട്ട് | 9. പെരുന്നാളുകൾ | 9. സൊറവാസ്ട്രിയൻ മതം |
| 10. വിശ്വാസജീവിതം | 10. ത്രിത്വം | 10. വഞ്ചിക്കുന്ന പിശാച് | 10. വേർപെട്ട സഭകൾ | 10. സുവിശേഷീകരണം |

| C.D. 6 - വ്യാഖ്യാനശാസ്ത്രം | C.D. 7 - ഭാവികാലശാസ്ത്രം | C.D. 8 - ബൈബിളിൽ തെറ്റുണ്ടോ? | C.D. 9 - ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ | C.D. 10 - ധാർമ്മിക പ്രശ്നങ്ങൾ |
|---|---|---|---|---|
| 1. പഴയനിയമം 1 | 1. ഭാവികാലവും ബൈബിളും | 1. ഉല്പത്തി | 1. വെളിപ്പാടും അന്യമതങ്ങളും | 1. ആത്മാവിന്റെ പ്രമാണം |
| 2. പഴയനിയമം 2 | 2. മരണാനന്തര ജീവിതം | 2. കയീൻ മുതൽ ബാബേൽ വരെ | 2. മുൻനിർണ്ണയം | 2. വൈവാഹിക പ്രശ്നങ്ങൾ 1 |
| 3. പഴയനിയമം 3 | 3. യേശുവിന്റെ മടങ്ങിവരവ് | 3. അബ്രഹാമിന്റെ കാലം | 3. യേശുവും രക്ഷയും | 3. വൈവാഹിക പ്രശ്നങ്ങൾ 2 |
| 4. പഴയനിയമം 4 | 4. 70 ആഴ്ചവട്ടം | 4. രാജാക്കൻമാർ | 4. പ്രാർത്ഥനയും ആരാധനയും | 4. വൈവാഹിക പ്രശ്നങ്ങൾ 3 |
| 5. പുതിയനിയമം 1 | 5. ഏഴു സഭകൾ | 5. കാവ്യപുസ്തകങ്ങൾ | 5. സഭയിലെ ശുശ്രൂഷകർ | 5. കുടുംബജീവിതം |
| 6. പുതിയനിയമം 2 | 6. ഏഴു മുദ്രകൾ | 6. സുവിശേഷങ്ങൾ | 6. യഥാർത്ഥ ഉണർവ്വ് | 6. ട്രസ്റ്റുകളും സൊസൈറ്റികളും |
| 7. പുതിയനിയമം 3 | 7. മഹാപീഡനകാലം | 7. ശാസ്ത്രവും വെളിപ്പാടും | 7. പ്രായോഗിക പ്രശ്നങ്ങൾ | 7. മദ്യവും മയക്കുമരുന്നും |
| 8. പുതിയനിയമം 4 | 8. വെളിപ്പാട് 12, 13 | 8. പുതിയനിയമകാലം | 8. സുവിശേഷഘോഷണം | 8. രാഷ്ട്രീയവും മാദ്ധ്യമങ്ങളും |
| 9. പുതിയനിയമം 5 | 9. ബാബിലോൺ | 9. ബൈബിൾ അപൂർണ്ണമോ? | 9. വിവിധതരം ദൈവശാസ്ത്രങ്ങൾ | 9. ആഭരണപ്രശ്നം |
| 10. പുതിയനിയമം 6 | 10. ന്യായവിധികൾ | 10. ബൈബിളും ശാസ്ത്രവും | 10. സഭയും പ്രശ്നങ്ങളും | 10. സഭയും പീഡയും |

MP3 **ഫോർമാറ്റിലുള്ള ഓഡിയോ സി.ഡികൾ. ആകെ 10 സി.ഡികൾ.**

**ഓരോ സി.ഡിയിലും 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. ആകെ ദൈർഘ്യം 100 മണിക്കൂർ**

വില: (ഇന്ത്യയിൽ) ഒരു സി.ഡി - 100 രൂപ. 10 സി.ഡികളുടെ സെറ്റ് - 900 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. 10 സി.ഡികൾ - US$ 50 or Rs.2000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ - ബ്രദർ ആൻഡ്രൂസ്: 39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ 900 രൂപയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക. **DVD** ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം എഴുതേണ്ടതാണ്.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോർഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam. Pin. 683542**
**Ph: 0484-3232356, 9447414608**


Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan